# ആത്മപ്രകാശിനി

## 2008 ജൂലൈ

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട് . വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപൊകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ് . ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ് .

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of “Athmaprakashini, Kumbanad”.**

# അകത്താളുകളിൽ


**യെഹീയേലിന്റെ മകൻ ശെഖന്യാവ്**
കെ.എ. ഫിലിപ്പ് ................................ 3

**അപ്പൊസ്തലന്മാരുടെ പ്രവർത്തി . . . .**
വി.പി. ജേക്കബ് ................................ 4

**പരിണാമ സൃഷ്ടി വിവാദം**
ഡോ. ജോൺസൺ ജോർജ്ജ് ........ 7

**ശവസംസ്കാര ആരാധന . . . . . .**
ഡോ. അലക്സാണ്ടർ കുര്യൻ ........ 9

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. സാമുവേൽ ................ 10

**മനുഷ്യൻ വിതയ്ക്കുന്നതു തന്നെ . . .**
പി.വി. സന്തോഷ് .............................. 11

**തിമൊഥെയൊസിന് എഴുതിയ . . . . .**
ജേക്കബ് തോമസ് .............................. 12

**ദൈവത്തിന്റെ സഭയാം ശരീരത്തെ . . .**
ജോർജ്ജ് സി. വർഗ്ഗീസ് .................... 14

**റിബേക്കയും മക്കളും . . . . . . . .**
കെ. കമലം .......................................... 17

**ആരാധന**
പി.റ്റി.തോമസ് .................................... 18

**ബൈബിൾ പ്രശ്നാവലി ................** 19

**യഹോവ യിരേ**
ഗോഡ്സൺ .......................................... 20

**വാർത്തകളും, കുറിപ്പുകളും** 21


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തോടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVII** **No.7**

## 2008 ജൂലൈ

*പത്രാധിപസമിതി*
കെ. എ. ഫിലിപ്പ്
ഡോ. ഓ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഓ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com

# യെഹീയേലിന്റെ മകൻ ശെഖന്യാവ്

കെ.എ.ഫിലിപ്പ്

**ശെ**ഖന്യാവ് എന്ന പേരിൽ പല പഴയനിയമ കഥാപാത്രങ്ങളും ഉണ്ട്. 1 ദിന. 3:22, 24:11, 2 ദിന. 31:15; എസ്രാ 8:3,5; നെഹ. 6:18, 12:13 എന്നീ ഭാഗങ്ങളിൽ ഈ പേരുകൾ കാണാം. 'യഹോവ വസിക്കുന്നു,' എന്നോ 'യഹോവയോടുകൂടി വസിക്കുന്നവൻ' എന്നോ അർത്ഥമുള്ള ഈ പേരു മാത്രം പേറിക്കൊണ്ട് പഴയ നിയമത്തിന്റെ പേജുകളിൽ മൂകരായി അവർ കഴിഞ്ഞുകൂടുകയാണ്. എന്നാൽ യെഹീയേലിന്റെ മകൻ ശെഖന്യാവ് മാത്രം അല്പം സംസാരിക്കുന്നു (എസ്രാ 10:2-4). സംസാരിച്ചതാകട്ടെ ചുരുക്കം വാക്കുകൾ മാത്രം. എന്നാൽ അതിന്റെ സന്ദർഭം, ഔചിത്യം, ദൂരവ്യാപകമായ ഫലം എന്നിവ കണക്കിലെടുക്കുമ്പോൾ ശെഖന്യാവ് വാസ്തവത്തിൽ ചരിത്രം സൃഷ്ടിക്കുകയായിരുന്നു എന്നു മനസ്സിലാക്കാം. ബി.സി. 458-ൽ പറഞ്ഞ ആ വാക്കുകൾ ഇന്നും നമ്മുടെ ഓർമ്മയിൽ പ്രതിധ്വനിക്കുന്നു; പ്രതിധ്വനിക്കണം. ആ വാക്കുകൾ ഇങ്ങനെയായിരുന്നു:

***"അപ്പോൾ ഏലാമിന്റെ പുത്രന്മാരിൽ ഒരുവനായ യെഹീയേലിന്റെ മകൻ ശെഖന്യാവ് എസ്രയോടു പറഞ്ഞത്: നാം നമ്മുടെ ദൈവത്തോടു ദ്രോഹം ചെയ്തു ദേശനിവാസികളിൽ നിന്ന് അന്യജാതിക്കാരത്തികളെ വിവാഹം ചെയ്തിരിക്കുന്നു. എങ്കിലും ഈ കാര്യത്തിൽ യിസ്രായേലിനു വേണ്ടി ഇനിയും പ്രത്യാശയുണ്ട്. ഇപ്പോൾ ആ സ്ത്രീകളെ ഒക്കെയും അവരിൽ നിന്നു ജനിച്ചവരെയും യജമാനന്റെയും നമ്മുടെ ദൈവത്തിന്റെ കല്പനയിങ്കൽ വിറയ്ക്കുന്നവരുടെയും നിർണ്ണയപ്രകാരം നീക്കിക്കളവാൻ നമ്മുടെ ദൈവത്തോടു നാം ഒരു നിയമം ചെയ്യുക. അത് ന്യായപ്രമാണത്തിനു അനുസാരമായി നടക്കട്ടെ. എഴുന്നേൽക്ക; ഇത് നീ നിർവഹിക്കേണ്ട കാര്യമാകുന്നു. ഞങ്ങൾ നിനക്ക് തുണയായിരിക്കും. ധൈര്യപ്പെട്ട് പ്രവർത്തിക്കുക"*** (എസ്രാ 10:2-4).

"തക്കസമയത്ത് പറഞ്ഞ വാക്ക് വെള്ളിത്താലത്തിൽ പൊൻനാരങ്ങ പോലെ" (സദൃ. 25:11). ശലോമോന്റെ ഈ വാക്കുകൾ തികച്ചും സത്യം തന്നെ. ശെഖന്യാവിന്റെ വാക്കുകളുടെ സന്ദർഭം ശ്രദ്ധിക്കേണ്ടതാണ്.

യഹൂദാ പ്രവാസികളിൽ ഒരു ചെറിയ കൂട്ടം കോരേശിന്റെ വിളംബര പ്രകാരം (എസ്രാ 1:1-11) സെരൂബ്ബാബേലിന്റെ നേതൃത്വത്തിൽ യെരൂശലേമിലേക്കും യഹൂദയിലേക്കും മടങ്ങി. അതികഠിനമായ പ്രാതികൂല്യങ്ങളുടെ ഇടയിലൂടെ പോകേണ്ടിവന്നെങ്കിലും അവർ ദാര്യാവേശിന്റെ കാലത്ത് ബി.സി. 516-ൽ ദൈവാലയം പണിതു തീർത്തു. എന്നാൽ പ്രവാസത്തിൽ നിന്നും മടങ്ങി വന്ന യഹൂദന്മാരുടെ സ്ഥിതി ശോചനീയമായി തുടർന്നു. അങ്ങനെ 58 വർഷങ്ങൾ മുന്നോട്ടു പോയപ്പോൾ എസ്രാ യഹൂദയിൽ വന്നു. ദൈവാലയ കാര്യങ്ങൾ ക്രമത്തിലാക്കാൻ എസ്രാ ശ്രമിക്കവേ യിസ്രായേൽ പ്രഭുക്കന്മാർ അദ്ദേഹത്തിന്റെ അടുക്കൽ വന്ന് യഹൂദന്മാർ അകപ്പെട്ടിരിക്കുന്ന സാമൂഹികവും മതപരവുമായ ദുരവസ്ഥയെപ്പറ്റി പറയുകയുണ്ടായി. ദൈവത്തിന്റെ ജനം വിജാതീയരുമായി ഇടകലർന്നുപോയി എന്നുള്ളതായിരുന്നു ആ പരിതാപകരമായ അവസ്ഥ. വിജാതീയരുമായുള്ള വിവാഹ ബന്ധമായിരുന്നു പ്രധാന പ്രശ്നം. മറ്റു മ്ളേച്ഛതകളും അവർ പകർത്തുന്നുണ്ടായിരുന്നു. ജനത്തിനു മാതൃകയായിരിക്കേണ്ട പ്രഭുക്കന്മാരും നേതാക്കന്മാരും ഈ വഷളത്വങ്ങൾ പ്രവർത്തിക്കുന്നതിൽ മുൻപന്തിയിലായിരുന്നു. ദൈവത്തിന്റെ ന്യായവിധി പിന്നെയും ക്ഷണിച്ചു വരുത്തുന്ന നടപടികൾ! എത്ര കൊണ്ടാലും പഠിക്കാത്ത ഭോഷന്മാരായ മത്സരികളാണവർ എന്ന് പിന്നെയും വ്യക്തമാകുകയായി. എസ്രാ അതീവ ദുഖിതനായിത്തീർന്നു. തന്റെ വസ്ത്രവും മേലങ്കിയും കീറി തലയിലെയും താടിയിലെയും രോമം വലിച്ചു പറിച്ച് എസ്രാ തന്റെ ഹൃദയവ്യഥ പ്രകടിപ്പിച്ചു. എന്നിട്ട് സ്തംഭിച്ച് കുത്തിയിരുന്നു (എസ്രാ 9:3). എന്നാൽ പ്രവാസികളിൽ ദൈവത്തിന്റെ വചനത്തിൽ വിറയ്ക്കുന്ന (യെശ. 66:2) ഒരു കൂട്ടമുണ്ടായിരുന്നു. അവർ ഈ ധാർമ്മിക പ്രതിസന്ധിയിൽ ദൈവാലയത്തിന്റെ മുമ്പിൽ എസ്രായുടെ അടുക്കൽ ഓടിക്കൂടി. ആത്മതപനവും ആത്മവേദനയുമായി കുത്തിയിരുന്ന എസ്രാ ഉച്ചകഴിഞ്ഞ് മൂന്നുമണിയോടുകൂടി എഴുന്നേറ്റു. എന്നിട്ട് മുട്ടുകുത്തി ദൈവത്തോട് ജനത്തിനു വേണ്ടിയും തനിക്കുവേണ്ടിയും കരഞ്ഞ് പ്രാർത്ഥിച്ചു. ജനവും കരയുകയായിരുന്നു. എന്തുചെയ്യണമെന്നറിയാത്ത ദയനീയ സ്ഥിതിയിലായിരുന്നു എല്ലാവരും. പശ്ചാത്താപവും കരച്ചിലും നല്ലതു തന്നെ. എന്നാൽ അത് നല്ല ഒരു തുടക്കം മാത്രമാണ്. എന്തെങ്കിലും ചെയ്യേണ്ട സന്ദർഭം ഇതാ വന്നിരിക്കുന്നു.

# അപ്പൊസ്തലന്മാരുടെ പ്രവർത്തികളിലെ സ്വർണ്ണമണികൾ- 18

## 13. പൗലൊസ് അപ്പൊസ്തലന്റെ ഗിരിപ്രഭാഷണം

വി.പി. ജേക്കബ്

കർത്താവായ യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണം സുപ്രസിദ്ധമാണ്. അക്രൈസ്തവർപോലും അത് പ്രിയപ്പെടുകയും പാരായണം ചെയ്യുകയും അതിൽനിന്നുദ്ധരിക്കുകയും ചെയ്യാറുണ്ട്. എന്നാൽ, പൗലൊസ് അപ്പൊസ്തലന്റെ ഗിരിപ്രഭാഷണം അനേകം വായനക്കാർക്ക് പുത്തരിയായിരിക്കും. പ്രസ്തുത പ്രഭാഷണം പ്രവൃ. 17ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ പ്രഭാഷണത്തെക്കുറിച്ച് അല്പം വിശദമായി വിചിന്തനം ചെയ്യുന്നത് നമുക്ക് അനുഗ്രഹവും പ്രയോജനവുമായിരിക്കും.

ആദ്യമായി പ്രസംഗത്തിന്റെ ആരംഭമാണ് നമ്മുടെ ശ്രദ്ധയിൽപ്പെടുന്നത്. “അഥേന പുരുഷന്മാരേ, നിങ്ങൾ എല്ലാറ്റിലും അതിഭക്തന്മാരെന്ന് ഞാൻ കാണുന്നു”. കേൾവിക്കാരുടെ ഒരു നല്ല കാര്യം ആദ്യം തന്നെ എടുത്തു പറയുന്നതുകൊണ്ട് അവരുടെ അനുഭാവം ആകർഷിക്കുന്നതിലും നല്ല പ്രതികരണം അവരിൽ ഉളവാക്കുന്നതിലും സാധിക്കും. പ്രവൃ. 24-ാം അദ്ധ്യായത്തിൽ ദേശാധിപതിയുടെ മുന്നിൽ പൗലൊസിന്റെ നേരെ അന്യായം ബോധിപ്പിക്കുമ്പോൾ തെർത്തുല്ലൊസ് ആദ്യമായി പറയുന്ന വാക്കുകൾ പ്രത്യേകം കുറിക്കൊള്ളേണ്ടതാണ്. “രാജശ്രീ ഫെലിക്സേ നീ മുഖാന്തരം ഞങ്ങൾ വളരെ സമാധാനം അനുഭവിക്കുന്നതും നിന്റെ പരിപാലനത്താൽ ഈ ജാതിക്ക് ഏറിയ ഗുണീകരണങ്ങൾ സാധിച്ചിരിക്കുന്നതും ഞങ്ങളെപ്പോഴും എല്ലായിടത്തും പൂർണ്ണ നന്ദിയോടുകൂടെ അംഗീകരിക്കുന്നു” (24:3).

എന്നാൽ നേരെ മറിച്ച് ചിലർ പ്രസംഗം തുടങ്ങിയ കഥകളും ഞാൻ കേട്ടിട്ടുണ്ട്. ഒരിക്കൽ ഒരു ഉപദേശി പരസ്യപ്രസംഗം നടത്തുവാൻ കുമ്പഴകവലയിൽ വന്നുനിന്നു. “അല്ലയോ, വളഞ്ഞു വിളഞ്ഞു കൊന്തൊടിഞ്ഞ മാപ്പളമാരേ'' എന്ന സംബോധനാ വാചകത്തോടെ പ്രസംഗം തുടങ്ങി. കടത്തിണ്ണയിൽ മെനക്കെട്ട് കുത്തിയിരുന്ന നാലഞ്ചുപേർ പെട്ടെന്ന് ചാടിയിറങ്ങി സംബോധനാവാചകം തെളിയിക്കാൻ അവർക്ക് ഒട്ടും സമയം കൊടുക്കാതെ ഉപദേശി കുമ്പഴകവലയിൽ നിന്ന് പത്തനംതിട്ട കവലവരെ നിർത്താതെ ഓടി രക്ഷപെട്ടു. കുമ്പഴ കവലയിൽ സുവിശേഷം പ്രസംഗിക്കുന്നതിനുള്ള ഒരു നല്ല അവസരം അദ്ദേഹം പാഴാക്കി. ഒരിക്കൽ പ്രസ്തുത കവലയിൽ ഞാൻ ഇംഗ്ലീഷിൽ പ്രസംഗിച്ചതും എം.ഇ. ചെറിയാൻസാർ മല

---

പെട്ടെന്ന് ശെഖന്യാവ് ഒരു തികഞ്ഞ പ്രായോഗിക ചിന്തകനും ശുഭാപ്തി വിശ്വാസിയുമായി. ജനത്തിന്റെ കരച്ചിലിനിടയിൽ കൂടി ശെഖന്യാവ് ആ വലിയ വേദശാസ്ത്രിയോടു പറഞ്ഞ വാക്കുകളാണ് പ്രാരംഭത്തിൽ ഉദ്ധരിച്ചത്. പറഞ്ഞതിന്റെ ചുരുക്കം ഇതാണ്:

1. യിസ്രായേൽ മിശ്രവിവാഹത്തിൽ ഏർപ്പെട്ട് ദൈവത്തോടു ദ്രോഹം ചെയ്തിരിക്കുന്നു. അതു സമ്മതിച്ചേ പറ്റൂ.
2. പ്രശ്നം ഗുരുതരമെങ്കിലും യിസ്രായേലിന് ഇനിയും പ്രത്യാശയുണ്ട്. നാം പ്രവർത്തിക്കണമെന്നു മാത്രം.
3. ദൈവത്തിന്റെ ന്യായപ്രമാണത്തിനു അനുസാരമായി ഒരു തീരുമാനം എടുക്കേണ്ടിയിരിക്കുന്നു. അതായത്, മിശ്രവിവാഹത്തിലുൾപ്പെട്ട സ്ത്രീകളെയും അവരിൽ നിന്നു ജനിച്ചവരെയും നീക്കിക്കളക എന്ന്.
4. അല്ലയോ എസ്രായേ, അങ്ങ് നിർവ്വഹിക്കേണ്ട കാര്യമാണിത്. ഞങ്ങളുടെ സമ്പൂർണ്ണ പിന്തുണ അങ്ങേയ്ക്കുണ്ട്. ധൈര്യപ്പെട്ട് പ്രവർത്തിക്കുകയേ വേണ്ടൂ.

എസ്രായുടെ വെന്തുരുകുന്ന മനസ്സിൽ കുളിരും അതേസമയം ആവേശവും പകർന്ന വാക്കുകളായിരുന്നു ഇത്. എസ്രാ എഴുന്നേറ്റ് “ഈ വാക്കുപോലെ ചെയ്യേണ്ടതിന് പുരോഹിതന്മാരെയും എല്ലാ യിസ്രയേല്യരെയും കൊണ്ട് സത്യം ചെയ്യിച്ചു; അവർ സത്യം ചെയ്തു.” പിന്നെ സംഭവിച്ചത് ഒരു ആത്മീയ നവോത്ഥാനമാണ് (എസ്രാ 10:6-17).

ശെഖന്യാവിന്റെ വാക്കുകൾ ആത്മാർത്ഥത നിറഞ്ഞതായിരുന്നു. സ്വന്തം പിതാവു തന്നെ ലംഘനക്കാരനായിരിക്കെ (എസ്രാ 10:26) കുറ്റക്കാർക്കെതിരെ ശക്തമായ നിലപാടെടുക്കുന്ന തത്ത്വദീക്ഷയാണ് ഈ മാന്യ വ്യക്തിയിൽ നാം കാണുന്നത്. സ്ഥാപിത താല്പര്യമോ സ്വജനപക്ഷപാതമോ ഇല്ലായിരുന്നു എന്നർത്ഥം. ഒരു ആത്മീയ പുനരുദ്ധാരണത്തിനു നാന്ദിയായി ഈ വാക്കുകൾ തീർന്നതിൽ അത്ഭുതമില്ല. കരയുന്നവരും സമർപ്പണമുള്ളവരുമായ എസ്രാമാർ, ആത്മാർത്ഥതയുള്ള പ്രോത്സാഹകരായ ശെഖന്യാവുമാർ, “ദൈവത്തിന്റെ കല്പനയിങ്കൽ വിറയ്ക്കുന്ന” ഒരു വേർപെട്ട ജനം - ഇതാണ് ഇന്നിന്റെ ആവശ്യം. ●

യാളത്തിലേക്ക് തർജ്ജമ ചെയ്തതും ഞാൻ നല്ല പോലെ ഓർക്കുന്നു. "ജേക്കബ് സാറിന്റെ ഇംഗ്ലീഷ് അത്ര ലളിതമായിരുന്നതുകൊണ്ട് എനിക്കുവേണ മെങ്കിലും തർജ്ജമ ചെയ്യാമായിരുന്നു'' എന്ന് തോട്ടാലിൽ മാമ്മച്ചൻ പറഞ്ഞതും ഞാൻ ഇപ്പോഴും ഓർക്കുന്നു.

ഒരിക്കൽ ജോർജ്ജ് ബെർണ്ണാഡ് ഷാ അമേരിക്ക സന്ദർശിച്ചു. അദ്ദേഹം ഒരു വലിയ സദസ്സിനെ അഭിമുഖീകരിച്ച് പ്രസംഗിച്ചു. "അമേരിക്കക്കാരായ നിങ്ങളിൽ 50% പേരും മണ്ടന്മാരാണ്." എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ആദ്യ വാചകം. ശ്രോതാക്കൾ വല്ലാതെ ക്ഷോഭിച്ച് മുറവിളി കൂട്ടി. "നിങ്ങൾ ക്ഷമായാചനം ചെയ്യണം" എന്ന് സദസ്സ് ഒന്നടങ്കം ആവശ്യപ്പെട്ടു. "സ്നേഹിതരേ നിങ്ങളുടെ വികാരങ്ങളെ മുറിപ്പെടുത്തിയതിൽ ഞാൻ ദുഃഖിക്കുന്നു. എന്നാൽ ഞാൻ ഒരു കാര്യം ഉറപ്പിച്ചു പറയട്ടെ. അമേരിക്കക്കാരായ നിങ്ങളിൽ 50% ബുദ്ധിമാന്മാരാണ്." എന്ന് ജോർജ്ജ് ബർണ്ണാഡ് ഷാ ക്ഷമായാചനം ചെയ്തു. കേൾവിക്കാർ തൃപ്തരായി. സദസ് ശാന്തമായി. അദ്ദേഹം തുടർന്ന് പ്രസംഗിച്ച് പ്രസംഗം അവസാനിപ്പിച്ചു. അദ്ദേഹം സുരക്ഷിതനായി അയർലണ്ടിൽ തിരിച്ചെത്തുകയും ചെയ്തു. പ്രസംഗകൻ ശതമാനത്തിൽ യാതൊരു മാറ്റവും വരുത്തിയില്ല എന്നത് പിന്നീടാണ് അമേരിക്കക്കാർക്ക് മനസ്സിലായത്. കാര്യത്തിന്റെ രചനാത്മക വശം (positive side) ആദ്യം അമേരിക്കക്കാരോട് പറഞ്ഞിരുന്നെങ്കിൽ ഇത്രയും കോളിളക്കം ഉണ്ടാകുമായിരുന്നില്ല.

പൗലൊസ് പൂജാസ്ഥാനങ്ങളെ ചുറ്റിനടന്ന് നോക്കിയപ്പോൾ "അജ്ഞാത ദേവന്നു" എന്ന് എഴുത്തുള്ള ഒരു വേദിക്കല്ല് കണ്ടു. പ്രസ്തുത യാഗപീഠം പൗലൊസിന്റെ ശ്രദ്ധയെ പ്രത്യേകാൽ ആകർഷിച്ചു. അറിയപ്പെട്ട ദേവന്മാർക്കെല്ലാം യാഗപീഠങ്ങൾ സ്ഥാപിച്ചതുകൊണ്ടായിരിക്കും അപ്പൊസ്തലൻ അഥേനാക്കാരെ അതിഭക്തന്മാർ എന്ന് വിളിച്ചത്. എന്നാൽ അവർ അറിയാതെ ഒരു ദേവൻ എവിടെയെങ്കിലും ഉണ്ടെങ്കിൽ ആ ദേവനും പ്രസാദിച്ചു കൊള്ളട്ടെ എന്ന് കരുതിയായിരിക്കും അവർ ഈ extra യാഗപീഠവും സ്ഥാപിച്ചത് എന്ന് ന്യായമായി വിചാരിക്കാം. ഏതായാലും അതിഭക്തന്മാർ എന്ന വിശേഷണം അഥേനക്കാർ അന്വർത്ഥമാക്കി.

പൗലൊസ് തന്റെ ശ്രോതാക്കൾക്ക് ഏകസത്യദൈവത്തെക്കുറിച്ചുള്ള സാമാന്യമായ അറിവ് ആദ്യമായി നൽകുന്നത് ഒരു നല്ല മാതൃകയാണ്. ബഹുദേവ വിശ്വാസത്തിന്റെ തറവാടായിരുന്നു ഗ്രീസ്. ബഹുദേവവിശ്വാസികളുടെ സദസ്സിൽ സുവിശേഷം പ്രസംഗിക്കുമ്പോൾ ആദ്യമായി സൃഷ്ടാവും പ്രപഞ്ചത്തിന്റെ കാരണനുമായ ഏക സത്യദൈവത്തെക്കുറിച്ച് സാമാന്യവും ചുരുക്കവുമായ ഒരറിവ് നൽകുന്നത് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കാര്യമാണ്. ആ ശക്തമായ അടിസ്ഥാനത്തിന്മേലാണ് സുവിശേഷം എന്ന സൗധം പണിയേണ്ടത്. ബഹുദേവ വിശ്വാസികൾ മാത്രമുള്ള അനവധി സദസ്സുകളിൽ ദീർഘകാലം സുവിശേഷം പ്രസംഗിച്ചിട്ടുള്ള ഞങ്ങൾക്ക് ഇക്കാര്യം ആധികാരികമായും അനുഭവവേദ്യമായും പറയുവാൻ സാധിക്കും. സ്ഥലപരിമിതി മൂലം കൂടുതൽ വിശദീകരണം സാധിക്കുന്നില്ല.

അടുത്തതായി പൗലൊസ് മനുഷ്യ സൃഷ്ടിയെ സംബന്ധിച്ച് പരാമർശിക്കുന്നു. "ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽ നിന്ന് മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി. അവരുടെ നിവാസത്തിന് അതിരുകളും കാലങ്ങളും നിശ്ചയിച്ചു" (26-ാം വാക്യം). മനുഷ്യവർഗ്ഗത്തിന്റെ ഐക്യത എന്നത് ഒരു പ്രധാന വിഷയമാണ്. മനുഷ്യന്റെ സൃഷ്ടിയെപ്പറ്റി ആധികാരികമായി ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക. "ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദൈവത്തിന്റെ സാദൃശ്യത്തിൽ അവനെ ഉണ്ടാക്കി; ആണും പെണ്ണുമായി അവനെ ഉണ്ടാക്കി; സൃഷ്ടിച്ച നാളിൽ അവരെ അനുഗ്രഹിക്കുകയും അവർക്ക് ആദാം എന്ന് പേരിടുകയും ചെയ്തു" (ഉല്പത്തി 5:1,2). ഒരുത്തനിൽ നിന്ന് മനുഷ്യജാതിയെ എല്ലാം ഉണ്ടാക്കി എന്നതിന് 3 പ്രധാന തെളിവുകൾ ഹാജരാക്കാൻ കഴിയും. 1) മനുഷ്യജാതിയിലുള്ള എല്ലാ വർഗ്ഗക്കാരുടെയും സാധാരണ ശീതോഷ്ണ സ്ഥിതി (Normal Temparature) ഒന്നു തന്നേയാണ്. 2) വിവിധ വർഗ്ഗക്കാർ തമ്മിൽ വൈവാഹിത ബാന്ധവത്തിൽ ഏർപ്പെട്ടാൽ സന്താനം ഉണ്ടാകുന്നു. 3) എല്ലാ വർഗ്ഗക്കാരുടെയും വിസർജനങ്ങൾ ഒരുപോലെ ദുർഗന്ധപൂരിതമാണ്. അഥേനാ പ്രസംഗത്തിൽ പൗലൊസ് ഉപയോഗിച്ച "ഒരുത്തൻ'' എന്ന ശബ്ദത്തിൽ ആദാം, ഹവ്വ എന്ന രണ്ടു പേർ ഉണ്ട്. "അപ്പോൾ മനുഷ്യൻ ഇത് ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും എന്റെ മാംസത്തിൽ നിന്ന് മാംസവും ആകുന്നു. ഇവളെ നരനിൽ നിന്ന് എടുത്തിരിക്കയാൽ ഇവൾക്ക് നാരി എന്ന് പേരാകും എന്നു പറഞ്ഞു" (ഉല്പത്തി. 2:23)

കേരളത്തിൽ നമ്മുടെ ആദ്യകാല പ്രവർത്തനങ്ങൾ നടക്കുന്ന കാലം. അന്ന് ഒരു വിദേശ മിഷനറി ഒരു സ്ഥലം സഭയിൽ വിവാഹം നടത്തിയ കഥ ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന് മലയാളത്തിൽ സാമാന്യം ജ്ഞാനം ഉണ്ടായിരുന്നു. മേൽപ്പ

റഞ്ഞ വാക്യം ആധാരമാക്കി സായിപ്പ് വചനശുശ്രൂഷ ചെയ്തു. "ഇവളെ നറനിൽ നിന്നും എടുത്തിരിക്കയാൽ ഇവൾക്ക് നാറി എന്ന് പേറാകും" എന്നാണ് പ്രസ്തുത വാക്യം മിഷണറി ഉച്ചരിച്ചത്. മണവാട്ടി ഇരുന്ന് കണ്ണു മിഴിക്കാൻ തുടങ്ങി. മണവാളനും കൂട്ടുചേർന്നു. സദസ്സിൽ കുറച്ച് കുശുകുശുപ്പും പുഞ്ചിരിയും ഉണ്ടായി. എത്രയും നന്നായി ഒരുങ്ങി അലങ്കൃതമായി സുഗന്ധം പരത്തിക്കൊണ്ടുവന്ന മണവാട്ടി എങ്ങനെ കണ്ണുമിഴിക്കാതിരിക്കും? കല്ല്യാണത്തിന് ഒരുങ്ങിവന്ന മാന്യ അതിഥികൾ എങ്ങനെ പുഞ്ചിരിക്കാതിരിക്കും? സായിപ്പ് "നാരി" എന്ന പദം "നാറി" എന്ന് ഉച്ചരിച്ചതാണ് ഇതിനെല്ലാം കാരണമായത്. അത് സായിപ്പിന്റെ കുറ്റമല്ല. സായിപ്പിന്റെ ഭാഷയിൽ "ര" (Softbreathing) എന്ന അക്ഷരം ഇല്ല. എന്തിന് സായിപ്പിന്റെ ഭാഷയെ കുറ്റപ്പെടുത്തുന്നു. "കേരളത്തിന്റെ തൊട്ടയലായ കർണ്ണാടകത്തിലെ ഭാഷയിൽ "ര"യും "ഴ"യും ഇല്ല. ഇക്കാര്യം വിശദമാക്കിയപ്പോൾ മിഷണറിക്ക് കാര്യം മനസ്സിലായി. അന്നത്തെ വിവാഹശുശ്രൂഷയിലുണ്ടായ ചെറിയ പ്രയാസത്തിന് എളുപ്പത്തിൽ പരിഹാരം ഉണ്ടായി. അന്നത്തെ വിവാഹം മംഗളമായി നടന്നു. എല്ലാവരും വിഭവസമൃദ്ധമായ ഭക്ഷണം കഴിഞ്ഞ് സന്തോഷമായി പിരിഞ്ഞ് പോകുകയും ചെയ്തു.

നമുക്ക് അരയോപഗക്കുന്നിലേക്ക് മടങ്ങി വരാം. പൗലൊസിന്റെ പ്രസംഗം തീർന്നിട്ടില്ല. പ്രസ്തുത പ്രഭാഷണത്തിൽ അപ്പൊസ്തലൻ വിഗ്രഹാരാധനയെക്കുറിച്ച് കരുതലോടെ ഒരു പ്രസ്താവന ചെയ്തിട്ടുണ്ട് (വാ. 29). പൗലൊസ് തന്റെ പ്രസംഗങ്ങളിൽ വിഗ്രഹാരാധനയെ പരസ്യമായി ഖണ്ഡിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്തിട്ടില്ല. "കിണർ കുഴിക്കുമ്പോൾ കുറ്റികൾ താനേ പറിയും" എന്നാണല്ലോ പഴമൊഴി. കുറ്റി ഓരോന്നും പറിച്ചെടുക്കുന്നതുമൂലം നമ്മുടെ വിലയേറിയ ആരോഗ്യവും സമയവും പാഴാക്കുന്നു എന്ന് മാത്രം. കിണർ അകലമായി കുഴിക്കുമ്പോൾ കുറ്റികൾ എല്ലാം സ്വതവേ പറിഞ്ഞുപോകും. ഒരു ചെറിയ ദൃഷ്ടാന്തംകൊണ്ട് ഈ സത്യം വിശദമാക്കാം. ഒരു കുഞ്ഞിന്റെ കയ്യിൽ എങ്ങനെയോ മൂർച്ചയുള്ള ഒരു കത്തി അകപ്പെട്ടു എന്ന് വിചാരിക്കുക. ആ കത്തി കുഞ്ഞിന്റെ കയ്യിൽനിന്ന് പിടിച്ചു പറിക്കാൻ ശ്രമിക്കുന്നുവെങ്കിൽ കുഞ്ഞിന് നിശ്ചയമായി മുറിവുണ്ടാകും. അതിനു ശ്രമിക്കുന്ന ആളിനും മുറിവുണ്ടാകും. എന്നാൽ കുഞ്ഞ് കാണത്തക്കവണ്ണം മനോഹരമായ ഒരു ആപ്പിൾ നീട്ടിക്കൊടുത്താൽ കുഞ്ഞ് ആപ്പിൾപഴത്താൽ ആകർഷിക്കപ്പെട്ട് അതിൽ കയറിപ്പിടിക്കും. മൂർച്ചയുള്ള കത്തി സ്വതവേ ആ പിഞ്ചു കൈകളിൽ നിന്ന് താഴെ വീഴും. തികച്ചും അനർഹരും അയോഗ്യരും അപാത്രരുമായ നമ്മെ കാരണം കൂടാതെ പരമാവധി സ്നേഹിച്ച് നമ്മുടെ പാപത്തിന് സ്ഥിരമായ പരിഹാരം ഉണ്ടാക്കിയ യേശുക്രിസ്തുവിനെ പരിശുദ്ധാത്മാവിന്റെ സഹായത്താൽ ജനങ്ങളുടെ മുമ്പാകെ വരച്ചു കാണിക്കുമ്പോൾ സർവ്വാംഗസുന്ദരനും എന്നാൽ ആണിപ്പാടുള്ളവനുമായ അവന്റെ നിസ്തുലസ്നേഹത്താൽ ആകർഷിതരായി അവർ ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി അംഗീകരിക്കുകയും അതോടൊപ്പം അവരെ ബന്ധിച്ചിരുന്ന "ചങ്ങലകൾ" അനായാസം താഴെ വീഴുകയും ചെയ്യും "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയതു കഴിഞ്ഞു പോയി; ഇതാ അതു പുതുതായി തീർന്നിരിക്കുന്നു" (2 കൊരി. 5.17). "ഉത്തമഗീത"ത്തിലെ പ്രിയ തന്റെ പ്രിയനെക്കുറിച്ച് യെരുശലേം പുത്രിമാരുടെ മുമ്പിൽ മനോഹരമായ ഒരു വർണ്ണന നൽകി. ഉത്ത. 5:10–16 വരെയുള്ള വാക്യങ്ങൾ വായിച്ചു നോക്കുക. പ്രസ്തുത വർണ്ണന യെരുശലേം പുത്രിമാരിൽ ഒരു നല്ല പ്രതികരണം ഉളവാക്കി ''ഞങ്ങൾ നിന്നോടുകൂടെ അവനെ അന്വേഷിക്കാം" (ഉത്ത. 6:1).

പരുമല ചന്തയിൽ ഒരു സുവിശേഷ പരസ്യയോഗം നടന്ന കഥ ഞാൻ കേട്ടിട്ടുണ്ട്. ക്രിസ്ത്യാനികളുടെ ഒരു കേന്ദ്രമാണല്ലോ പരുമല. പ്രായമുള്ള ഒരു സുവിശേഷകൻ പ്രസംഗം തുടങ്ങി. നാനാജാതിമതസ്ഥരടങ്ങിയ ഒരു നല്ല സദസ്സും ഉണ്ടായിരുന്നു. വൃദ്ധസുവിശേഷകൻ ഹിന്ദുമതത്തെക്കുറിച്ചും ശ്രീകൃഷ്ണനെക്കുറിച്ചും ശ്രീകൃഷ്ണൻ മോഷ്ടിച്ചതും മറ്റും മറ്റും – രൂക്ഷമായി ഖണ്ഡിച്ച് പ്രസംഗിച്ചു. അപ്പോഴാണ് കേൾവിക്കാരുടെ കൂട്ടത്തിൽ പ്രമാണിയും സമ്മതനുമായ ഒരു ഹിന്ദു നിൽക്കുന്നത് പ്രസംഗകൻ കണ്ടത്. അദ്ദേഹം പെട്ടെന്ന് പ്രസംഗത്തിന്റെ ശൈലി മാറ്റി. "എന്റെ പ്രിയ ഹൈന്ദവ സ്നേഹിതരേ എനിക്ക് നിങ്ങളോട് എന്തെങ്കിലും വെറുപ്പോ വിദ്വേഷമോ ഉണ്ടെന്ന് വിചാരിക്കരുതേ" എന്ന് പ്രസംഗകൻ പറഞ്ഞു. "വല്യപ്പാ ഞാൻ ഇവിടെ നിൽക്കുന്നത് കൂട്ടാക്കണ്ട. പ്രസംഗം നടക്കട്ടെ, എന്ന് പറഞ്ഞ് ശാന്തമായി ആ മാന്യൻ സ്ഥലം വിട്ടു. സുവിശേഷപ്രസംഗം എന്നാൽ തെറിപറച്ചിലാണ് എന്ന് പരോക്ഷമായി ഒരു വീര്യമുള്ള "ഡോസ്" അദ്ദേഹം വല്ല്യപ്പന് കൊടുക്കുകയായിരുന്നു. വേണ്ടാത്തതെല്ലാം വിളിച്ചു പറഞ്ഞ് വെറുതെ തല്ലു കൊള്ളേണ്ട ആവശ്യം ഉണ്ടോ? (തുടരും)

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന - 23

DR. JOHNSON GEORGE, TORONTO, CANADA

## അദ്ധ്യായം 19. ജലപ്രളയത്തെ ശരിയായി വ്യാഖ്യാനിക്കുമ്പോൾ ലഭിക്കുന്ന നിഗമനങ്ങൾ? Part I

ഉല്പത്തി 6–8 അദ്ധ്യായങ്ങൾ മുൻവിധി കൂടാതെ വായിക്കുമ്പോൾ മനസ്സിലാകുന്നത് നോഹയുടെ കാലത്തെ ജലപ്രളയം ഒരു ആഗോള ജലപ്രളയം (a global flood) ആയിരുന്നു എന്നാണ്. അതായത് ആ ജലപ്രളയത്തിൽ ഭൂഗോളം മുഴുവനും വെള്ളത്തിനടിയിലായി എന്നാണ് മനസ്സിലാകുന്നത്. ഇന്ന് ഭൂമുഖത്ത് മിക്കവാറും എല്ലായിടത്തും കാണപ്പെടുന്ന ഊറൽപാറ അടുക്കുകളും (Sedimentary rock layers) അവയിലുള്ള ജീവാശ്മങ്ങളും (fossils) ഈ ജലപ്രളയത്തിന്റെ ഫലത്താൽ ഏകദേശം ഒരു വർഷത്തിനുള്ളിൽ ഉണ്ടായവയാണെന്ന് സൃഷ്ടിവാദികൾ വിശ്വസിക്കുന്നു.

പക്ഷേ ജീവാശ്മങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കാൻ തുടങ്ങിയപ്പോൾ സാധാരണ ഈ ജീവാശ്മങ്ങൾ പാറഅടുക്കുകളിൽ മുകളിലേക്ക് കൂടുന്ന സങ്കീർണ്ണതയിൽ (increasing complexity) ക്രമപ്പെട്ടിരിക്കുന്നതായി കാണപ്പെട്ടു. ഒരു പ്രളയത്തിൽ ചത്ത ജീവികൾ ഈവിധം അടുക്കപ്പെടുകയില്ല. അതുകൊണ്ട് ജീവികൾ വിവിധ യുഗങ്ങളിൽ ഈ ക്രമത്തിൽ പരിണമിച്ചതായിരിക്കണമെന്ന് ശാസ്ത്രജ്ഞന്മാർ വിശ്വസിച്ചുതുടങ്ങി. പരിണാമം നടന്നിട്ടുണ്ടെങ്കിൽ അതിന് കോടിക്കണക്കിന് വർഷങ്ങൾ വേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഊറൽ പാറ അടുക്കുകളെല്ലാം നീണ്ട യുഗങ്ങളിലൂടെ സാവധാനമായി (Slowly) ഊറൽ അടിഞ്ഞ് ഉണ്ടായവയാണെന്നും അവയിൽ കാണുന്ന ജീവാശ്മങ്ങൾ ആ യുഗങ്ങളിൽ നടന്ന പരിണാമത്തെ കാണിക്കുന്നു എന്നും ശാസ്ത്രജ്ഞന്മാർ ഇന്ന് വിശ്വസിച്ചിരിക്കുന്നു.

ഈ വാദം ശരിയാണെങ്കിൽ ഊറൽ പാറ അടുക്കുകൾ നോഹയുടെ കാലത്തെ ജലപ്രളയസമയത്ത് ഉണ്ടായവ അല്ല എന്നു നാം സമ്മതിക്കേണ്ടിയിരിക്കുന്നു. അങ്ങനെയെങ്കിൽ ഒരു ആഗോള ജലപ്രളയം ഉണ്ടായതിന്റെ തെളിവുകൾ ഭൂമുഖത്ത് ഇല്ല എന്നു വരുന്നു. ഇക്കാരണത്താൽ പരിണാമവാദത്തിലും ഭൂമിയുടെ നീണ്ട ആയുസ്സിലും വിശ്വസിച്ചിരിക്കുന്ന ബൈബിൾ പണ്ഡിതന്മാർക്ക് നോഹയുടെ കാലത്തെ ജലപ്രളയം മെസപ്പൊട്ടാമിയായിൽ (Mesopotamia) ഉണ്ടായ ഒരു പ്രാദേശിക ജലപ്രളയം (A local flood) മാത്രം ആയിരുന്നു എന്ന് വ്യാഖ്യാനിക്കേണ്ടി വരുന്നു. പരിണാമവാദത്തിന് മുമ്പു തന്നെ, നോഹയുടെ കാലത്തെ ജലപ്രളയം ഒരു പ്രാദേശിക ജലപ്രളയം ആയിരുന്നു എന്ന് വിശ്വസിച്ചിരുന്ന വേദപണ്ഡിതന്മാർ ഉണ്ടായിരുന്നു. പക്ഷെ പരിണാമവാദം പ്രാബല്യത്തിൽ വന്നതിനുശേഷം ഈ വാദം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിരിക്കുന്ന ഒരു വസ്തുതയാണ് എന്ന് ചിന്തിച്ചുകൊണ്ട് നോഹയുടെ കാലത്തെ ജലപ്രളയം ഒരു പ്രാദേശിക ജലപ്രളയം ആയിരുന്നുവെന്ന് വ്യാഖ്യാനിച്ചു തള്ളുവാൻ പലരും നിർബന്ധിതരായിത്തീർന്നിരിക്കുന്നു. നോഹയുടെ കാലത്തെ ജലപ്രളയം മെസപ്പൊട്ടാമിയായിലെ ഒരു താഴ്വരയിൽ മാത്രം ഒതുങ്ങിനിന്ന ഒരു പ്രാദേശിക ജലപ്രളയം ആയിരുന്നു എന്ന് വാദിക്കുവാൻ ചിലർ കൊണ്ടുവന്നിരിക്കുന്ന ന്യായങ്ങൾ താഴെ പറയുന്നവയാണ്.

1) ജലപ്രളയവൃത്താന്തത്തിൽ ഭൂമിക്കുവേണ്ടി ഉപയോഗിച്ചിരിക്കുന്ന എബ്രായ പദം erets എന്നാണ്. ഈ പദത്തെ പ്രദേശം എന്നും ഭൂമി എന്നും ഭാഷാന്തരം ചെയ്യാവുന്നതാണ്. പഴയനിയമത്തിൽ 2504 പ്രാവശ്യം ഈ പദം ഉപയോഗിച്ചിട്ടുണ്ട്. KJV ബൈബിളിൽ 1543 പ്രാവശ്യം ഇതിനെ പ്രദേശം (land) എന്നും 712 പ്രാവശ്യം ഭൂമി (earth) എന്നും 140 പ്രാവശ്യം രാജ്യം (Country) എന്നും 98 പ്രാവശ്യം നിലം (ground) എന്നും ശേഷമുള്ള 11 പ്രാവശ്യം മറ്റു ചില വിധങ്ങളിലും ഭാഷാന്തരം ചെയ്തിരിക്കുന്നു. കൂടുതൽ പ്രാവശ്യം ഈ പദത്തെ പ്രദേശം എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്നതുകൊണ്ട് ജലപ്രളയവൃത്താന്തത്തിലും ഈ പദത്തെ പ്രദേശം എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത് എന്ന് പ്രാദേശിക പ്രളയത്തിൽ വിശ്വസിക്കുന്നവർ പറയുന്നു.

2) നോഹയുടെ കാലത്ത് ആളുകൾ ഭൂമിയിൽ എല്ലായിടത്തും ചിതറിപ്പാർത്തിരിക്കുവാൻ സാദ്ധ്യതയില്ല. അതുകൊണ്ട് മനുഷ്യരെ നശിപ്പിക്കുവാൻ ഒരു ആഗോള പ്രളയത്തിന്റെ ആവശ്യം ഇല്ലായിരുന്നു. ആളുകൾ ചിതറിപ്പാർക്കുന്നുണ്ടായിരുന്നെങ്കിൽത്തന്നെയും നോഹ ലോകത്തിന്റെ എല്ലാ ഭാഗത്തും പോയി പ്രസംഗിച്ചിരിക്കുവാൻ സാദ്ധ്യതയില്ല. വരുവാൻ പോകുന്ന ന്യായവിധിയുടെ അടയാളം (sign) പെട്ടകം ആയിരുന്നു. നോഹയുടെ ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ ജീവിച്ചിരുന്നവർക്ക് മാത്രമേ ഈ പെട്ടകം ഒരു സാക്ഷ്യമായിരുന്നുള്ളൂ. അതുകൊണ്ട് ഈ പ്രളയം പ്രാദേശികമായിരുന്നിരിക്കണം.

3) ഒരു ആഗോള ജലപ്രളയത്തിൽ സമുദ്രത്തിലെ ഉപ്പുള്ള ജലവും (salt water) കരയിലെ ഉപ്പില്ലാത്ത ജലവും (fresh water) കൂടിക്കലർന്നാൽ വെള്ളത്തിലുള്ള മീനുകൾ എല്ലാം ചത്തുപോകും. കാരണം സമുദ്രത്തിലെ മീനുകൾക്ക് ഉപ്പ് കുറഞ്ഞ വെള്ളത്തിൽ ജീവിക്കുവാൻ സാധിക്കു

കയില്ല. അതുപോലെ കരവെള്ളത്തിൽ ജീവിക്കുന്ന മീനുകൾക്ക് ഉപ്പ് കൂടിയ വെള്ളത്തിൽ ജീവിക്കുവാനും ഒക്കുകയില്ല. അതുകൊണ്ട് ഒരു ആഗോള ജലപ്രളയം ഉണ്ടായിട്ടുണ്ടായിരുന്നുവെങ്കിൽ വെള്ളങ്ങൾ തമ്മിൽ കൂടിക്കലർന്ന് മീനുകൾ എല്ലാം ചത്തുപോയേനെ.

4) ഭൂമിയിലുള്ള ജന്തുക്കളുടെ സ്പീഷീസുകളെ എല്ലാം ഒരു പെട്ടകത്തിൽ കയറ്റുവാൻ സാധിക്കുകയില്ല. അതുകൊണ്ട് നോഹ താൻ ജീവിച്ചിരുന്ന ചുറ്റുപാടിൽ നിന്ന് കുറച്ച് ജീവികളെ മാത്രമായിരിക്കാം പെട്ടകത്തിൽ കൊണ്ടുപോയത്. മാത്രമല്ല ചില ജന്തുക്കൾ ചില ഭൂഖണ്ഡങ്ങളിൽ മാത്രമേ കാണപ്പെടുന്നുള്ളൂ. (ഉദാഹരണത്തിന് കംഗാരു ആസ്ട്രേലിയായിൽ) ഇവയെല്ലാം നോഹയുടെ പെട്ടകത്തെ ലക്ഷ്യം വെച്ച് എങ്ങനെ സഞ്ചരിച്ചു. അതുകൊണ്ട് ഇത് ഒരു പ്രാദേശിക ജലപ്രളയം ആയിരുന്നിരിക്കണം.

5) ഭൂമിയിലെ ഏറ്റവും ഉയർന്ന പർവ്വതമായ എവറസ്റ്റിനെ മൂടത്തക്കവണ്ണം വെള്ളം ഉയരുക അസാദ്ധ്യമാണ്. ഇത്രയും വെള്ളം എവിടെ നിന്ന് വന്നു? പ്രളയത്തിനുശേഷം ഇത് എവിടെ പോയി?

ഈ കാരണങ്ങളാൽ പ്രളയം പ്രാദേശികമായിരുന്നു എന്ന് ധാരാളം ആളുകൾ വിശ്വസിച്ചിരിക്കുന്നു.പക്ഷേ മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ ആക്ഷേപങ്ങൾക്കും മറുപടി ഉണ്ട്. അത് നമുക്ക് വരുന്ന ഒരു ലക്കത്തിൽ ചിന്തിക്കാം. ഈ ലക്കത്തിൽ പ്രളയം ആഗോളമായിരുന്നു എന്ന് തെളിയിക്കുന്ന ന്യായങ്ങളെക്കുറിച്ച് മാത്രം വിശദീകരിക്കുന്നു. ബൈബിളിന്റെ സാമാന്യ വായനയിൽ നിന്ന് ലഭിക്കുന്ന നിഗമനങ്ങൾ നിരത്തിയാൽ നോഹയുടെ കാലത്തെ ജലപ്രളയം ഒരു ആഗോള ജലപ്രളയം ആയിരുന്നു എന്നാണ് മനസ്സിലാകുന്നത്. പ്രളയത്തെ വിവരിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന ആഗോള പദങ്ങളെയും ആശയങ്ങളെയും (Universal terms and concepts) അപഗ്രഥിക്കുമ്പോൾ താഴെ പറയുന്ന നിഗമനങ്ങൾ ലഭിക്കുന്നു.

1) ജലപ്രളയ വൃത്താന്തത്തിൽ ഭൂമിക്കുവേണ്ടി ഉപയോഗിച്ചിരിക്കുന്ന എബ്രായ പദമായ erets -നെ ഭൂപ്രദേശമെന്നും ഭൂഗോളമെന്നും ഭാഷാന്തരം ചെയ്യാമെന്നുള്ളത് ശരിയാണ്. പക്ഷേ സന്ദർഭം (context) അനുസരിച്ചാണ് നാം അർത്ഥം സ്വീകരിക്കേണ്ടത്. ഉദാഹരണത്തിന് ഉല്പത്തി 1:1 ൽ erets നെ ഭൂമി (ഭൂഗോളം) എന്ന അർത്ഥത്തിൽ മനസ്സിലാക്കുന്നു. അതുപോലെ മുൻവിധി കൂടാതെ നോഹയുടെ ജലപ്രളയ വൃത്താന്തം വായിക്കുമ്പോഴും ഈ പദത്തെ ഭൂമി (ഭൂഗോളം) എന്ന അർത്ഥത്തിലാണ് മനസ്സിലാക്കാവുന്നത്.

2) ജലപ്രളയത്തിൽ ദൈവം നശിപ്പിച്ചത് സകല ജഡത്തെയും (all flesh) ആയിരുന്നു എന്നുള്ള പ്രയോഗം 12 പ്രാവശ്യം കാണുന്നു. (ഉല്പത്തി. 6:13,17 എന്നിവ). ഈ പ്രയോഗത്താൽ ജലപ്രളയം ആഗോളമായിരുന്നു എന്ന് മനസ്സിലാകുന്നു. പക്ഷെ സകല ജഡവും എന്ന പ്രയോഗത്താൽ ഉദ്ദേശിച്ചിരിക്കുന്നത് കരയിൽ ജീവിക്കുന്നവയെ മാത്രമാണ് എന്ന് ഉല്പ. 7:22 ൽ നിന്ന് മനസ്സിലാകുന്നു. അതായത് പക്ഷികൾ, മൃഗങ്ങൾ, ഇഴജാതികൾ, മനുഷ്യർഎന്നിവ. ഉല്പത്തി 6:20,7:8,14,21.

3) പെട്ടകത്തിലേക്ക് കരജന്തുക്കളെ ആണും പെണ്ണുമായി കൊണ്ടുപോയത് "ഭൂമിയിലൊക്കെയും (on the face of all the earth) സന്തതി ശേഷിച്ചിരിക്കേണ്ടതിന്" (ഉല്പത്തി 7:3)ആയിരുന്നു എന്ന് ബൈബിൾ പറയുന്നു. ഇതിൽ നിന്നും ഒരു ആഗോള ജലപ്രളയത്തിൽ ഭൂമിയിലൊക്കെയും ഉള്ള ജന്തുക്കളെ നശിപ്പിക്കാൻ ദൈവം ഉദ്ദേശിച്ചിരുന്നു എന്നു മനസ്സിലാകുന്നു.

4) "ആകാശത്തിൻ കീഴെങ്ങുമുള്ള (under the whole heaven) ഉയർന്ന പർവ്വതങ്ങളൊക്കെയും മൂടിപ്പോയി" എന്നു നാം വായിക്കുന്നു (ഉല്പത്തി 7:19) ഇത് ഒരു ആഗോള ജലപ്രളയത്തെയാണ് കാണിക്കുന്നത്.

5) ഉല്പത്തി 6:5, 6,2 പത്രൊസ് 2:4-5 എന്നീ വാക്യങ്ങളിൽ നിന്നും നോഹയുടെ കാലത്തെ ജലപ്രളയം അന്നത്തെ ലോകത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി ആയിരുന്നു എന്ന് മനസ്സിലാകുന്നു. ആ പ്രളയം പ്രാദേശികമായിരുന്നുവെങ്കിൽ ദൈവം എല്ലാവരെയും ന്യായം വിധിച്ചിട്ടില്ല എന്ന് വിശ്വസിക്കേണ്ടി വരും. പക്ഷേ, പത്രൊസ് പറയുന്നത് "അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു" എന്നാണ്. (2 പത്രൊസ് 3:6)

6) നോഹയും കടുംബവും പെട്ടകത്തിന് വെളിയിൽ വന്നപ്പോൾ "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറവിൻ" എന്ന് ദൈവം കല്പിച്ചു (ഉല്പത്തി. 9:1). ഇതേ കല്പന ആദിയിൽ ദൈവം ആദാമിനും ഹവ്വയ്ക്കും കൊടുത്തിരുന്നു (ഉല്പത്തി 1:28). ഈ കല്പന നോഹയോട് ദൈവം ആവർത്തിച്ചതിനാൽ പ്രളയത്തിനു ശേഷം ഭൂമിയിൽ ശേഷിച്ചിരുന്ന മനുഷ്യർ നോഹയുടെ കുടുംബം മാത്രമായിരുന്നു എന്ന് തെളിയുന്നു. ഇതിൽ നിന്നും പ്രളയത്തിൽ മനുഷ്യർ എല്ലാം ആഗോളമായി നശിച്ചിരുന്നു എന്ന് മനസ്സിലാകുന്നു.

7) ഭാവിയിൽ സംഭവിക്കാനുള്ള കർത്താവിന്റെ വരവിനെയും (മത്തായി 24:37-39) ഭൂമിയുടെ അഗ്നി പ്രളയത്തെയും (2 പത്രൊസ് 3:6-7) നോഹയുടെ കാലത്തെ ജലപ്രളയവുമായി ഉപമിച്ചിരിക്കുന്നു. നോഹയുടെ കാലത്തെ ജലപ്രളയം ആഗോളമല്ലായിരുന്നുവെങ്കിൽ കർത്താവിന്റെ പുനരാഗമനവും ഭൂമിയുടെ അഗ്നി പ്രളയവും മുഴുഭൂമിയെയും ബാധിക്കുകയില്ല എന്ന് വിശ്വസിക്കേണ്ടി വരും. (തുടരും)

# ശവസംസ്കാര ആരാധന ദൈവ വചനത്തിന്റെ പരിധികൾ ലംഘിക്കുന്നത്

ഡോ. അലക്സാണ്ടർ കുര്യൻ

നമ്മുടെ സഭകളിലെങ്ങും ശവസംസ്കാരത്തിനും വിവാഹത്തിനും പ്രത്യേക "ആരാധനാസമയം" വേർതിരിക്കുന്ന പതിവില്ല. 'ആരാധനാസമയം' വേർതിരിക്കാതെ ഈ കാലമെല്ലാം നമ്മുടെ വിവാഹങ്ങളിലും ശവസംസ്കാര ശുശ്രൂഷകളിലും നാം ദൈവത്തെ മഹത്വപ്പെടുത്തുകയും ആരാധിക്കുകയും ചെയ്തില്ലേ? തീർച്ചയായിട്ടും നാം അങ്ങനെ ചെയ്തിട്ടുണ്ട്. കൂടിവരുന്നവരിൽ അധികപങ്കും അവിശ്വാസികൾ ആയിരിക്കാൻ സാദ്ധ്യതയുള്ളപ്പോൾ ഇങ്ങനെയുള്ള നവീനരീതികൾ കൊണ്ടുവരേണ്ട ആവശ്യം എന്താണ്? ഈ കൂടിവരവുകളുടെ ലക്ഷ്യം ആരാധനയല്ല. ഇവിടെ കൂടിവരുന്നവർ വിശ്വാസികളാകട്ടെ, അവിശ്വാസികളാകട്ടെ ആരാധനയ്ക്കുവേണ്ടിയല്ല പ്രധാനമായും വന്നിരിക്കുന്നത്. ഈ യോഗങ്ങളിൽ പ്രത്യേക ആരാധനാ സമയം പ്രഖ്യാപിക്കുമ്പോൾ നമ്മുടെ വ്യക്തിപരമായ കാഴ്ചപ്പാടുകളും മുൻഗണനകളും മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുകയല്ലേ ചെയ്യുന്നത്? ഈ രീതി അനുവർത്തിക്കുന്നവരുടെ ഉദ്ദേശ്യശുദ്ധി സത്യസന്ധമായിരിക്കാം. നാം ആരുടെയും സത്യസന്ധതയെയും മനോഭാവങ്ങളെയും വിധിക്കുന്നില്ല. എന്നാൽ ഇങ്ങനെയുള്ള രീതി നമുക്ക് വേണമെന്ന് ഏതെങ്കിലും ഒരാൾ ശഠിക്കുന്നതെന്തിനാണ്? ഇതിന്റെ അടിയന്തിര പ്രാധാന്യമെന്താണ്? അത് ഒരു അത്യാവശ്യ സംഗതിയാണോ? ഇതു സഹായമോ തടസ്സമോ? ആത്മീയ വർദ്ധനവിന് ഇത് കാരണമാണോ? അനാവശ്യമായ ചിന്താക്കുഴപ്പങ്ങളും ഭിന്നതയും ഇത് ഉണ്ടാക്കുന്നില്ലേ? ഈ ചിന്താഗതിയും സമ്പ്രദായവും പ്രചരിപ്പിക്കുന്നവർ സ്വയം ചോദിക്കേണ്ട ചോദ്യങ്ങളാണിത്. ഈ പുതിയ കൂട്ടിച്ചേർപ്പുകളില്ലാതെ തന്നെ നമ്മൾ ആരാധിച്ചിരുന്നില്ലേ. ഈ പുതിയ പ്രവണതകൾ ദൈവജനത്തിന്റെ ഇടയിൽ വളരെയധികം പ്രശ്നങ്ങളും ആശയക്കുഴപ്പങ്ങളും ഉണ്ടാക്കുന്നു. നമ്മുടെയെല്ലാം മുൻഗണനകളും താല്പര്യങ്ങളും കൂടിവരവുകളിൽ അടിച്ചേൽപ്പിച്ചാൽ അതിന്റെ ഫലം പൂർണ്ണമായും അരാജകത്വമായിരിക്കും.

ശവസംസ്കാര ആരാധനയ്ക്ക് സഹായകരമായി പറയുന്നത് തന്റെ മക്കളുടെ ദുരന്തപൂർണ്ണമായിട്ടുള്ള മരണവാർത്ത കേട്ടപ്പോൾ ഇയ്യോബ് ആരാധിച്ചെന്നാണ്. അതു ശരിയാണ്. എന്നാൽ തികച്ചും വ്യക്തിപരമായ ആരാധനയായിരുന്നു. "അപ്പോൾ ഇയ്യോബ് എഴുന്നേറ്റ് വസ്ത്രം കീറി തല ചിരച്ചു സാഷ്ടാംഗം വീണു നമസ്കരിച്ചു (ഇയ്യോ. 1:20). ഇത് ദുരന്തവേളയിൽ ദൈവത്തിന്റെ പരമാധികാരത്തിനും അടിയറവു പറഞ്ഞുകൊണ്ടുള്ള ഇയ്യോബിന്റെ വ്യക്തിപരമായ പ്രതികരണമായിരുന്നു. ഇയ്യോബ് ഒരു ആരാധന യോഗത്തിന് ആഹ്വാനം നൽകിയില്ല. മാത്രമല്ല, തന്നോടൊപ്പം ആരാധിക്കുവാൻ മറ്റുള്ളവരോട് ആവശ്യപ്പെട്ടില്ല. വാക്യം 21 (യഹോവ തന്നു. യഹോവ എടുത്തു യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.) നമ്മെ ഓർപ്പിക്കുന്നത് ഇയ്യോബ് അപ്പോഴും ദൈവത്തിന്റെ നന്മയിലും ഔന്നത്യത്തിലും പൂർണ്ണമായി വിശ്വസിക്കുന്നതാണ്. അത് തന്റെ അചഞ്ചലമായ വിശ്വാസത്തിന്റെ മതിയായ അടിസ്ഥാനമാണ്. "ഇതിലൊന്നിലും ഇയ്യോബ് പാപം ചെയ്യുകയോ ദൈവത്തിന് ഭോഷത്വം ആരോപിക്കുകയോ ചെയ്തില്ല" (വാക്യം 22) ഇവിടെ നിന്നു ലഭിക്കുന്ന പാഠമെന്താണ്. കഷ്ടതയുടെ മദ്ധ്യത്തിൽ വേഗത്തിലുള്ള പ്രതികരണം ഭോഷത്വമാണ്. പരിശോധനകളിലും പ്രതികൂലങ്ങളിലും നാം ആരാധനയിൽ നമ്മെത്തന്നെ ദൈവഹിതത്തിനായി സമർപ്പിക്കണം. ചില പ്രയത്നങ്ങളുടെ കാരണം നമുക്കറിയില്ലെങ്കിലും ദൈവത്തിന്റെ നന്മയിൽ ആശ്രയിക്കുവാനായിട്ടാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ശവസംസ്കാരത്തിനുള്ള ആരാധനയുമായി ഇയ്യോബിന്റെ ആരാധനയ്ക്ക് യാതൊരു ബന്ധവുമില്ല. ഇവിടെ നാം ഒരു ശവസംസ്കാര ശുശ്രൂഷ പോലും കാണുന്നില്ല. യെശയ്യാവിന്റെ പ്രവചനം 61-ാം അദ്ധ്യായത്തിൽ കാണുന്ന യെശയ്യാവിന്റെ ആരാധനയിലും ഇത് ശരിയാണ്. "ഉസ്സിയാ രാജാവ് മരിച്ച ആണ്ടിൽ കർത്താവ് ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നത് ഞാൻ കണ്ടു (6;1)" ഇത് യെശയ്യാവിന്റെ വ്യക്തിപരമായ അനുഭവമാണ്. മാത്രമല്ല ആരാധനാനുഭവത്തേക്കാൾ ഉയർന്നു നിൽക്കുന്നതുമാണ്. യെശയ്യാവിനു രാജാധിരാജാവും കർത്താധികർത്താവുമായവനെക്കുറിച്ച് ഒരു ദർശനമുണ്ടായി. അതുമൂലം തനിക്കു വിളിയും ശുദ്ധീകരണവും നിയോഗവും ലഭിക്കുന്നു. വെളി. 4:11 ൽ കാണുന്ന അപ്പൊസ്തലനായ യോഹന്നാന്റെ ദർശനത്തോടു സാമ്യമുള്ളതാണ് യെശയ്യാവിന്റെ ദർശനം. മരണത്തിന്റെ മുഖത്തും ദൈവമക്കൾക്ക് ആരാധിപ്പാൻ കഴിയും. ഇങ്ങനെയുള്ള സന്ദർഭങ്ങളെ 'ശവമടക്ക് ആരാധന' എന്ന അർത്ഥത്തിലേക്ക് വലിച്ചു നീട്ടിയാൽ ദൈവവചനത്തിന്റെ അപ്പുറത്തേക്കുള്ള പോക്കാണ്.

(കടപ്പാട്)

# മാളികമുറി പ്രഭാഷണം - ൭

ഡോ. ഒ.എം. സാമുവേൽ

*നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങളുണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. ഞാൻ പോകുന്ന ഇടത്തെക്കുള്ള വഴി നിങ്ങൾ അറിയുന്നു* (യോഹ.14:1-3).

13-ാം അദ്ധ്യായം പത്രൊസ് യേശുക്രിസ്തുവിനെ തള്ളിപ്പറയുമെന്നുള്ള വാക്കുകളോടു കൂടിയാണല്ലോ പര്യവസാനിക്കുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത് എന്നു പറയുമ്പോൾ അവരുടെ ഹൃദയം കലങ്ങുവാനുള്ള സാദ്ധ്യതയുണ്ട് എന്നു ഗ്രഹിക്കാൻ കഴിയും. ശിഷ്യന്മാരുടെ ഹൃദയം കലങ്ങിവശായിരിക്കയാണ്. ഹൃദയരഹസ്യങ്ങളെ അറിയാവുന്ന കർത്താവ് അതു ഗ്രഹിച്ചു കൊണ്ടുതന്നെയായിരിക്കണം ഈ വാക്കുകൾ പറയുന്നത്. ശിഷ്യന്മാരുടെ ഹൃദയം കലങ്ങിമറിയാനുള്ള ചില കാരണങ്ങൾ നമുക്ക് കാണാൻ കഴിയും. 13-ന്റെ 21-ൽ കർത്താവ് പറഞ്ഞു: *ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു നിങ്ങളിൽ ഒരുത്തൻ എന്നെ കാണിച്ചു കൊടുക്കും*. യേശുക്രിസ്തുവിന്റെ ഈ വാക്കുകൾ ശിഷ്യന്മാരുടെ എല്ലാവരുടെയും ഹൃദയത്തെ മഥിച്ചിട്ടുണ്ടാകും. കഴിഞ്ഞ മൂന്നിൽ ചില്വാനം വർഷങ്ങൾ കൂടെ സഞ്ചരിക്കയും അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തും ദൈവപുത്രനെന്ന സത്യം വെളിപ്പെടുത്തുകയും വിപരീത സാഹചര്യങ്ങളിൽ അവർക്ക് അവലംബമായിരിക്കുകയും ചെയ്ത യേശുക്രിസ്തുവിനെ ശിഷ്യന്മാരിൽ ഒരാൾ ഒറ്റിക്കൊടുക്കുവാൻ പോകുന്നു എന്ന വാക്കുകൾ അവരുടെ ഹൃദയത്തെ ചലിപ്പിച്ചിട്ടുണ്ടാകും. ആരാണ് ഒറ്റിക്കൊടുക്കുന്നവൻ എന്ന് വ്യക്തമായി പറയുന്നില്ല. നിങ്ങളിൽ ഒരാൾ. ആ നന്ദികെട്ടവൻ ഞാനായിരിക്കുമോ, ഞാനായിരിക്കുമോ എന്ന് ഓരോരുത്തരും തന്നോടു തന്നെ ചോദിച്ചു കാണും. ഹൃദയ കലക്കത്തിനുള്ള ഒന്നാമത്തെ കാരണമിതാണ്.

13-ാം അദ്ധ്യായത്തിൽ, യൂദ പോയിക്കഴിഞ്ഞതിനുശേഷം ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കു ന്നു എന്നുള്ള കർത്താവിന്റെ വാക്കുകൾ ക്രൂശുമരണത്തോടുള്ള ബന്ധത്തിലായിരുന്നുവല്ലോ? ശിഷ്യന്മാരോടു ഈ മരണത്തെക്കുറിച്ച് നേരത്തെ പറഞ്ഞിരുന്നെങ്കിലും അവർ അത് മുഖവിലയ്ക്ക് എടുത്തിരുന്നില്ല. എന്നാൽ ഇപ്പോൾ കാര്യം ഗൗരവ പൂർണ്ണമായിരിക്കയാണ്. തങ്ങൾക്ക് താങ്ങും തണലുമായി വഴി നടത്താൻ ഇനി ആര്? തങ്ങൾ അനാഥരായി തീരാൻ പോകുന്നു എന്ന തോന്നൽ ശിഷ്യന്മാരെ ഭരിച്ചു കാണും. ഹൃദയം കലങ്ങുവാനുള്ള രണ്ടാമത്തെ കാരണം ഇതാണ്. മൂന്നാമത് പത്രൊസ് മൂന്നു പ്രാവശ്യം യേശുവിനെ തള്ളിപ്പറയുമെന്നുള്ള പ്രസ്താവനയും അവരെ കൂടുതൽ ചിന്താകുലരാക്കി.

ശിഷ്യന്മാരുടെ ഹൃദയ കലക്കം ശരിക്കും ഗ്രഹിച്ച കർത്താവ് അവരെ ആശ്വസിപ്പിക്കുന്നു. ഹൃദയം കലങ്ങുമ്പോൾ, ജീവിതത്തിൽ പ്രതിസന്ധികളെ നേരിടുമ്പോൾ, കാർമേഘപടലങ്ങൾ കുമിഞ്ഞു കൂടുമ്പോൾ, കർത്താവിന്റെ അൻപുള്ള സ്വരം നമ്മെയും ആശ്വസിപ്പിക്കും. സമർത്ഥനായ ഒരു ഹൃദ്രോഗ വിദഗ്ദനെപ്പോലെ ഹൃദയവ്യഥയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ കർത്താവ് നിർദ്ദേശിക്കുന്നു. ഒന്നാമത്തെ പരിഹാരമാർഗ്ഗം ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ എന്നുള്ള വാക്കുകളാണ്. ശിഷ്യന്മാരോട് ഈ വാക്കുകൾ പറഞ്ഞതിന്റെ പൊരുൾ എന്താണ്. ഈ ശിഷ്യന്മാർ ദൈവത്തിൽ വിശ്വാസമുള്ളവരല്ലേ? അതുപോലെ യേശുക്രിസ്തുവിൽ പൂർണ്ണമായി വിശ്വസിച്ച് എല്ലാം ഉപേക്ഷിച്ചവരല്ലേ ഈ ശിഷ്യന്മാർ? ഇവരോട് വീണ്ടും ദൈവത്തിലും യേശുക്രിസ്തുവിലും വിശ്വസിക്കുക എന്നു പറയുന്നതിൽ അന്തർലീനമായ രഹസ്യം എന്താണ്? യെഹൂദന്മാർ ദൈവവിശ്വാസികളാണ്. എന്നാൽ അവർ വിശ്വസിക്കുന്ന ദൈവത്തെ അവർ ഒരു നാളും കണ്ടിട്ടില്ലയെന്ന സത്യം മറക്കരുത്. യേശുക്രിസ്തുവിൽ ശിഷ്യന്മാർ പൂർണ്ണമായി വിശ്വസിച്ചു എന്നുള്ളത് സത്യം. എന്നാൽ യേശുവിനെ കണ്ടു വിശ്വസിച്ചവരാണ് അവരെല്ലാവരും തന്നെ. എന്നാൽ ചില മണിക്കൂറുകൾ കൂടി കഴിയുമ്പോൾ യേശുക്രിസ്തു അവരിൽ നിന്നും മരണം മൂലം മാറ്റപ്പെടും. യേശുക്രിസ്തുവിന്റെ അസാന്നിദ്ധ്യത്തിൽ അവർ വിശ്വാസമുള്ളവരായിരിക്കണം. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ എന്നല്ലേ നാം വായിക്കുന്നത്? യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് പ്രധാനം.

മൂന്നു രീതിയിലുള്ള വിശ്വാസത്തെക്കുറിച്ച് നാം വായിക്കുന്നു.

1. അല്പവിശ്വാസം (Little faith): ഒരിക്കൽ യേശുക്രിസ്തു വെള്ളത്തിന്റെ മുകളിൽ കൂടി നടക്കുന്നത് കണ്ടപ്പോൾ പത്രൊസിനും അത് അനുകരിക്കണമെന്ന് തോന്നി. കർത്താവിന്റെ ആജ്ഞപ്രകാരം പത്രൊസ് പടകിൽ നിന്നും ഇറങ്ങി വെള്ളത്തിന്മീതെ നടക്കാൻ തുടങ്ങി. പത്രൊസിന്റെ

# “മനുഷ്യൻ വിതയ്ക്കുന്നതു തന്നേ കൊയ്യും”

പി.വി. സന്തോഷ് വയനാട്

“മനുഷ്യൻ വിതയ്ക്കുന്നതു തന്നേ കൊയ്യും. ജഡത്തിൽ വിതയ്ക്കുന്നവൻ ജഡത്തിൽ നിന്നുംനാശം കൊയ്യും. ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽ നിന്ന് നിത്യജീവനെ കൊയ്യും” (ഗലാ. 6:7-8).

പൗലൊസ് അപ്പൊസ്തലൻ ഗലാതൃസഭകൾക്ക് ലേഖനം എഴുതിയപ്പോൾ സ്വജീവിത അനുഭവങ്ങൾ പൗലൊസിന് ഈ സത്യം ബോധ്യപ്പെടുത്തിയിട്ടുള്ളതായി കാണാം. “എന്നാൽ അന്ത്യോക്യയിൽ നിന്നും ഇക്കൊന്യയിൽ നിന്നും യഹൂദന്മാർ വന്നുകൂടി പുരുഷാരത്തെ വശത്താക്കി പൗലൊസിനെ കല്ലെറിഞ്ഞു. അവൻ മരിച്ചു എന്നു വിചാരിച്ചു” (അപ്പൊ. 14:19). ആദ്യത്തെ ക്രിസ്തു രക്തസാക്ഷിയായ സ്തേഫാനോസിനെ കല്ലെറിഞ്ഞു കൊല്ലുവാൻ സമ്മതം കൊടുത്ത് സാക്ഷി നിന്ന ശൗൽ. കാലത്തിന്റെ നീക്കുപോക്കിൽ അതേ തിക്താനുഭവങ്ങളുടെ ഒരു കൊയ്ത്ത് തനിക്കും ശേഷിക്കുന്നുണ്ടെന്ന് അന്ന് നിനച്ചിരിക്കാൻ ഇടയില്ല. മറ്റുള്ളവരെ ഉപദ്രവിക്കാൻ നാമിന്ന് ഒരുക്കുന്ന കെണികൾ സഹോദരാ.... നാളെ അതിന്റെ എല്ലാവിധ തീവ്രതയോടും കൂടെ നമുക്കെതിരെ തിരിഞ്ഞു വരാം. ‘കൊടുത്താൽ കൊല്ലത്തും കിട്ടും എന്നാണൊരു നാട്ടു പഴമൊഴി. മൊർദ്ദെഖായിക്കുവേണ്ടി കഴുമരം ഒരുക്കി കാത്തിരുന്ന ഹാമാന് അതേകഴുമരത്തിൽ ഒടുങ്ങേണ്ടി വന്നതും മനുഷ്യൻ വിതയ്ക്കുന്നത് തന്നെ കൊയ്യും എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണല്ലോ (എസ്ഥേർ 7:10).

ആട്ടിൻതോല് ഇട്ടു ചെന്ന് അപ്പനെ പറ്റിച്ച യാക്കോബിനെ സ്വന്തം മക്കൾ തന്നെ ആട്ടിൻ ചോര പുരണ്ട ഉടുപ്പ് കാണിച്ച് തീരാദുഃഖത്തിലാഴ്ത്തുമെന്ന് അവൻ ചിന്തിച്ചു കാണില്ല (ഉല്പത്തി 27:16-18; 37:31) കാഴ്ച മങ്ങിയ അപ്പന്റെ മുന്നിൽ അമ്മയുടെ വാക്ക് ശ്രവിച്ച് ജ്യേഷ്ഠനായിച്ചെന്ന് അനുഗ്രഹങ്ങൾ കവർന്നെടുത്ത യാക്കോബിന് പക്ഷേ 7 വർഷത്തെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി ലഭിക്കേണ്ട ലാബാന്റെ ഇളയ മകൾ റാഹേലിനു പകരം ലഭിച്ചത് മൂത്ത മകൾ ലേയയെ (ഉല്പത്തി 29:18-25). അപ്പനെ പറ്റിച്ചവനെ കാലങ്ങൾ കഴിഞ്ഞപ്പോൾ അമ്മാവൻ പറ്റിച്ചു. ചതിക്ക് കൊടും ചതി. ദൈവവചനത്തിൽ പതിരില്ലെന്ന് വ്യക്തം.

എബ്രായ ആൺകുഞ്ഞുങ്ങളെ നദിയിൽ എറിഞ്ഞു കൊല്ലുവാൻ കല്പന പുറപ്പെടുവിച്ച ഫറവോൻ. കുരുന്ന് മക്കൾ വെള്ളം കുടിച്ച് പിടഞ്ഞു മരിക്കുന്നതു കണ്ട് ക്രൂരമായി ചിരിച്ച ഫറവോൻ. മാതാപിതാക്കളുടെ ഹൃദയവേദന മനസ്സിലാക്കുവാൻ കഴിയാത്ത ദൈവദോഷിയായ ഫറവോൻ, ദൈവമക്കളെ ക്രൂരമായി പീഡിപ്പിച്ച ഫറവോൻ തന്റെ സകലജനത്തോടും കൂടെ ഒരുത്തനും ശേഷിക്കാതെ കടലിൽ ചത്തൊടുങ്ങിയത് വിതച്ചത് കൊയ്യുകയായിരുന്നു (പുറ. 1:22; 14:28). കാറ്റ് വിതച്ചവൻ കൊടുങ്കാറ്റ് കൊയ്തു.

എഴുപതു രാജാക്കൻമാരുടെ കൈകാലുകളുടെ പെരുവിരൽ മുറിച്ച അദോനീബേസെക്കിന്റെ സാക്ഷ്യം കേൾക്കുക (ന്യായാ 1:7). “യഹൂദയുമായുള്ള യുദ്ധത്തിൽ ഞാൻ തോറ്റുപോയി. യഹൂദയും ശിമയോനും അദോനീബേസെക്കിന്റെ കൈകാലുകളുടെ പെരുവിരൽ മുറിച്ചു കളഞ്ഞു. അപ്പോൾ രാജാവു പറഞ്ഞു കൈകാലുകളുടെ പെരുവിരൽ മുറിച്ച 70 രാജാക്കന്മാർ എന്റെ മേശയിൻ കീഴിൽ നിന്ന് പെറുക്കി തിന്നിരുന്നു. ഞാൻ ചെയ്തതുപോലെ തന്നെ ദൈവം എനിക്ക് പകരം ചെയ്തിരിക്കുന്നു.” സഹോദരാ....നീ കാരണം ഏതെങ്കിലും സഹോദരന്റെ ഹൃദയം മുറിപ്പെട്ട് വേദനിക്കുന്നുവോ? ഉടനെ നിരപ്പ് പ്രാപിക്കുക.

നെബുഖദ്നേസർ ഉയർത്തിയ ബിംബത്തെ നമസ്കരിക്കാത്ത ദാനിയേലിന്റെ കൂട്ടുകാരെ തീച്ചൂളയിൽ ഇട്ടുകളഞ്ഞു. രാജകല്പന കർശനമായിരിക്കകൊണ്ടും ചൂള അത്യന്തം ചൂടായിരിക്കകൊണ്ടും ശദ്രക്കിനെയും മേശക്കിനെയും അബേദ്നെഗോവിനെയും എടുത്തുകൊണ്ടുപോയ പുരുഷന്മാരെ അഗ്നിജ്വാല ദഹിപ്പിച്ചുകളഞ്ഞു. (ദാനി 3:20-23). മറ്റുള്ളവരെ ദഹിപ്പിക്കാൻ നാം ഒരുക്കുന്ന തീച്ചൂള നമ്മെത്തന്നെ ദഹിപ്പിക്കും എന്ന് ദാനിയേലിന്റെ പുസ്തകം നമ്മെ പഠിപ്പിക്കുന്നു.

---

നോട്ടം യേശുവിൽ നിന്ന് മറ്റുഭാഗങ്ങളിലേക്കായപ്പോൾ വെള്ളത്തിൽ താഴാൻ തുടങ്ങി. യേശു കരം പിടിച്ച് താങ്ങിയിട്ട് പറഞ്ഞു അല്പവിശ്വാസിയേ, നീ എന്തിനു സംശയിച്ചു.

2. വലിയ വിശ്വാസം: യേശുക്രിസ്തുവിന്റെ അടുത്ത് രോഗസൗഖ്യത്തിനായി കടന്നുവന്ന ഒരു സ്ത്രീയുടെ വിശ്വാസം കണ്ടിട്ട് യേശു പറഞ്ഞു, ഇത്ര വലിയ വിശ്വാസം യിസ്രായേലിൽ പോലും കണ്ടിട്ടില്ല എന്ന്.

3. ഉറപ്പേറിയ വിശ്വാസം: വെളിപ്പാടു പുസ്തകം 2-ന്റെ 13-ൽ പെർഗ്ഗമൊസിലെ സഭയിൽ പീഢനങ്ങൾ സഹിച്ച് മരണപര്യന്തം വിശ്വാസം മുറുകെപ്പിടിച്ച ഒരു അന്തിപ്പാസിനെക്കുറിച്ച് നാം വായിക്കുന്നുണ്ട്. അചഞ്ചലമായ ഉറപ്പേറിയ വിശ്വാസം. നമ്മുടെ വിശ്വാസം എങ്ങിനെയുള്ളതാണ്? അല്പവിശ്വാസമോ, വലിയ വിശ്വാസമോ, ഉറപ്പേറിയ ശക്തമായ വിശ്വാസമോ? ഏതു വിപരീത പരിതസ്ഥിതിയിലും പതറാതെ നിൽക്കാൻ കഴിയുന്ന ഉറപ്പേറിയ വിശ്വാസം ഉള്ളവരായിരിക്കണമെന്നാണ് കർത്താവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. **(തുടരും)**

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം–9

## IX. ശുശ്രൂഷകന്റെ യോഗ്യതകൾ (1 തിമൊ. 3:8–13)

ജേക്കബ് തോമസ്, മാവേലിക്കര

***"അവ്വണ്ണം ശുശ്രൂഷകന്മാർ ഘനശാലികളായിരിക്കേണം; ഇരുവാക്കുകാരും മദ്യപന്മാരും ദുർല്ലാഭമോഹികളും അരുതു. അവർ വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ വെച്ചുകൊള്ളുന്നവർ ആയിരിക്കേണം. അവരെ ആദ്യം പരീക്ഷിക്കേണം; അനിന്ദ്യരായി കണ്ടാൽ അവർ ശുശ്രൂഷ ഏല്ക്കട്ടെ. അവ്വണ്ണം സ്ത്രീകളും ഘനശാലികളായി ഏഷണി പറയാതെ നിർമദന്മാരും എല്ലാറ്റിലും വിശ്വസ്തന്മാരുമായിരിക്കേണം. ശുശ്രൂഷകന്മാർ ഏക ഭാര്യയുള്ള ഭർത്താക്കന്മാരും മക്കളെയും സ്വന്ത കുടുംബങ്ങളെയും നന്നായി ഭരിക്കുന്നവരും ആയിരിക്കേണം. നന്നായി ശുശ്രൂഷ ചെയ്തിട്ടുള്ളവർ തങ്ങൾക്കു നല്ല നിലയും ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്തിൽ വളരെ പ്രാഗത്ഭ്യവും സമ്പാദിക്കുന്നു."***

അപ്പൊസ്തലന്മാർക്ക് പ്രാർത്ഥനയ്ക്കും വചനഘോഷണത്തിനും സമയം ലഭിക്കേണ്ടതിനായി സഭയുടെ ചില ചുമതലകൾ നിർവഹിക്കുവാൻ തിരെഞ്ഞെടുക്കപ്പെട്ട വ്യക്തികളാണ് ശുശ്രൂഷകന്മാർ. "ശുശ്രൂഷകൻ" എന്നതിന്റെ ഗ്രീക്കു പദം *diakonos* എന്നാണ്. ഈ വാക്കുകൊണ്ട് അർത്ഥമാക്കുന്നത് ശുശ്രൂഷിക്കുന്നവൻ അഥവ സേവിക്കുന്നവൻ എന്നാണ്. ക്രിസ്തീയ സഭയോട് ബന്ധപ്പെടുത്തി പറയുമ്പോൾ, ഈ വാക്കു കൊണ്ടുദ്ദേശിക്കുന്നത്, സഭയുടെ അനുഗ്രഹകരമായ നടത്തിപ്പിനായി ഭൗതിക കാര്യങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന വ്യക്തി എന്നാണ്. ശുശ്രൂഷകന്മാരുടെ തിരഞ്ഞെടുപ്പിനെക്കുറിച്ചും, അതിന്റെ മാനദണ്ഡത്തെക്കുറിച്ചും അപ്പോ. പ്രവ. 6.1–5 വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നു. അവരുടെ യോഗ്യതകളിൽ ചിലത് ആ ഭാഗത്ത് തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ആത്മാവും, ജ്ഞാനവും നല്ലസാക്ഷ്യവും ഉള്ളവർ ആയിരിക്കേണം. അവരിൽ ഫിലിപ്പൊസും സ്തെഫാനൊസും ദൈവവചനം ഘോഷിക്കുന്നവരായിരുന്നു. ഇങ്ങനെയുള്ള ശുശ്രൂഷകന്മാരുടെ യോഗ്യതകളും അനുബന്ധമായ പ്രായോഗിക നിർദ്ദേശങ്ങളുമാണ് പൗലൊസ് ഈ ഭാഗത്ത് വിവരിക്കുന്നത്. അവയിൽ ചിലതു മാത്രമാണ് ഇവിടെ വിശകലനം ചെയ്തിരിക്കുന്നത്.

### 1. അവർ ഘനശാലികളായിരിക്കണം

ഘനശാലികൾ എന്ന വാക്ക് കൊണ്ട് അർത്ഥമാക്കുന്നത് അവർ മാന്യതയുള്ളവരായിക്കണം എന്നാണ്. അവർ സഭയ്ക്ക് അകത്തും പുറത്തും മാന്യതയുള്ളവരായിരിക്കണം. സഭാവിശ്വാസികളുടെ മുമ്പിലും സമൂഹത്തിലും വലിയ തലക്കനമുള്ളവരായിക്കണമെന്നല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്. നമ്മുടെ കർത്താവായ യേശുക്രിസ്തു സാധാരണക്കാരനായിട്ടാണ് ഈ ഭൂമി

---

ഊരിയാവിനെ ചതിച്ചു കൊന്ന് അവന്റെ ഭാര്യയെ സ്വന്തമാക്കിയ ദാവീദ് രാജാവ് കൊയ്തെടുത്ത ദുരന്തങ്ങൾ എത്രയോ വേദനാജനകമായിരുന്നു എന്നോർക്കുക. നാബോത്തിനെ കല്ലെറിഞ്ഞു കൊന്ന് അവന്റെ മുന്തിരിത്തോട്ടം സ്വന്തമാക്കിയ ആഹാബിന്റെ അന്ത്യം. സഭ ആകുന്ന മുന്തിരിത്തോട്ടം ചീരത്തോട്ടം ആക്കുവാൻ ചിന്തിക്കുന്ന ആഹാബുമാർ ചിന്തിക്കുക. അന്യരുടെ നന്മകൾ ചൂഷണം ചെയ്യുന്ന, ദരിദ്രരെ പീഡിപ്പിക്കുന്ന ആളുകൾക്കുള്ള മുന്നറിയിപ്പാണ് ആഖാന്റെ അന്ത്യം എന്ന സത്യം ഒരിക്കലും വിസ്മരിക്കരുതെ.

ദൈവഭക്തി ആദായസൂത്രമാക്കി കൊണ്ടുനടക്കുന്നവർ, ഏലീശയെ അവഗണിച്ച് ദ്രവ്യം സ്വന്തമാക്കാൻ പോയ ഗേഹസിയെ ഓർക്കുന്നത് നല്ലതാണ് (2 രാജാ. 5:27). ലഭിക്കുന്ന നന്മകൾ മറച്ചുവെച്ച് ഇത്രയേ ലഭിച്ചുള്ളൂ എന്ന് വിലപിക്കുന്ന വേലക്കാർ അനന്യാസിനേയും സഫീരയേയും ഓർക്കുക. മറ്റുള്ളവരെ താഴ്ത്തിക്കെട്ടാനും താറടിക്കാനും പാരപണിയാനും തുനിയുമ്പോൾ ഒരു കൊയ്ത്ത് എനിക്കും ശേഷിക്കുന്നു എന്ന കാര്യം ആരും വിസ്മരിക്കരുത്. നിങ്ങളുടെ പാപം നിങ്ങളെ വേട്ടയാടും എന്ന് നിങ്ങൾ അറിയുക (സംഖ്യാ. 32:23). "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്; നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളേയും വിധിക്കും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും" (മത്തായി 7:1).

"ഞങ്ങളുടെ പിതാക്കന്മാർ പാപം ചെയ്ത് ഇല്ലാതായിരിക്കുന്നു. അവരുടെ അകൃത്യങ്ങൾ ഞങ്ങൾ ചുമക്കുന്നു" (വിലാ. 5: 7) എന്ന് നാളെ നമ്മുടെ മക്കൾക്ക്, സഭയ്ക്ക് പറയാൻ ഇടവരാതിരിക്കട്ടെ. നമുക്ക് ജഡത്തിന്റെ പ്രവൃത്തികളെ ഉരിഞ്ഞു വയ്ക്കാം,ആത്മാവിന്റെ പ്രവൃത്തികളെ ചെയ്യാം; തമ്മിൽ തമ്മിൽ ക്ഷമിക്കാം, സഹിക്കാം, സ്നേഹിക്കാം, ആത്മാവിന്റെ നിറവിൽ ഐക്യത്തോടെ അദ്ധ്വാനിക്കാം.

നന്നായ് വിതക്കാം, നല്ലത് വിതക്കാം, ധൃതിയിൽ വിതക്കാം, നമ്മൾ വിതച്ചാൽ നമുക്ക് കൊയ്യാം, നല്ലത് വിതച്ചാൽ, നല്ലത് കൊയ്യാം. മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും. അത് പ്രകൃതി നിയമമാണ്. പ്രകൃതിയെ നിയന്ത്രിക്കുന്നത് ദൈവവുമാണല്ലോ. കണ്ണീരോട് വിതയ്ക്കുന്നവൻ ആർപ്പോട് കൊയ്യും. നമുക്ക് കണ്ണീരോടു കൂടി സുവിശേഷത്തിന്റെ വിത്ത് വിതയ്ക്കാം. കാരണം ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കൊത്ത പ്രതിഫലം കർത്താവ് നൽകും. ●

യിൽ ജീവിച്ചത്. അവന്റെ ശിഷ്യന്മാരായ നാം അവന്റെ സ്വഭാവമുള്ളവരായി ജീവിക്കണം. അതോടൊപ്പം തന്നെ ഒരു ക്രിസ്തുവിശ്വാസിക്ക് സ്വാഭാവികമായും ഉണ്ടായിരിക്കേണ്ട മാന്യതയും കാര്യഗൗരവത്വവും തീർച്ചയായും ശുശ്രൂഷക നിലും കാണേണ്ടതാണ്. അവർ ക്രിസ്തീയ വിശ്വാ സത്തിന് നിരക്കാത്ത കാര്യങ്ങളിൽ ഇടപെടു കയോ, ആകാത്ത സ്ഥലത്ത് പോകുകയോ ചെയ്‌വാൻ പാടില്ല.

**2. അവർ ഇരുവാക്കുകാരാകരുത്**

ഒരു കാര്യം ഒരു വ്യക്തിയോട് പറകയും അതിന്റെ ഘടകവിരുദ്ധമായ കാര്യം മറ്റൊരു വ്യക്തിയോട് പറകയും ചെയ്യുന്ന സ്വഭാവം അഥവ അവസരത്തിന് അനുസരിച്ച് വാക്കുകൾ മാറ്റിപറയുന്ന സ്വഭാവം ഒരു ശുശ്രൂഷകന് യോജിച്ചതല്ല. ഒരു വിശ്വാസിക്ക് ഉണ്ടായിരിക്കേണ്ട സത്യസന്ധതയും വിശ്വസ്തതയും ഇല്ലാതാകുമ്പോൾ ഈ നിലയിലേക്ക് ശുശ്രഷകന്മാർ തരം താഴുന്നു. മാത്രമല്ല സഭയിൽ പല തെറ്റിദ്ധാര ണകൾക്കും അത് വഴിയൊരുക്കുന്നു. സഭയുടെ സുഗമമായ നടത്തിപ്പിന് മുഖാന്തരമാകേണ്ട സഭാ നേതൃത്വത്തിലുള്ളവർ ഇന്ന് വിശ്വാസികളെ ചേരിതിരിഞ്ഞ് പോരാടുവാൻ പ്രേരിപ്പിക്കുന്നു. ശുശ്രൂഷകന്മാർ ഇരുവാക്കുകാർ ആകരുത്. സഭയിലെ പല പ്രശ്നങ്ങൾക്കും കാരണം കേവലം തെറ്റിദ്ധാരണകൾ മാത്രമാണ് എന്ന് ഓർക്കുക. എന്നാൽ അത് പരിഹരിക്കുവാൻ കഴിയാത്തവിധം വളർന്ന് വലുതാകുന്നു.

**3. അവർ ദുർല്ലാഭമോഹികളാകരുത്**

ദുർല്ലാഭമോഹികളാകരുത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സഭയുടെ ശുശ്രൂഷകൻ എന്ന പദവിയെ തന്റെ സാമ്പത്തികനില മെച്ചപ്പെടു ത്തുവാൻ ദുർവിനിയോഗം ചെയ്യരുത് എന്നാണ്. ദൈവവേല ചെയ്യുന്ന ശുശ്രൂഷകനെ കരുതേണ്ടത് സഭയുടെ ഉത്തരവാദിത്തമാണ്. ദൈവാശ്രയ ത്തിന്റെ അടിസ്ഥാനത്തിൽ ദൈവമാണ് അത് നിവർത്തിക്കുന്നത്. എന്നാൽ തങ്ങളുടെ ഔദ്യോ ഗിക സ്ഥാനം ദുരുപയോഗം ചെയ്ത് ദുർല്ലാഭ മോഹികളായ ശുശ്രൂഷകന്മാർ സഭയുടെ പ്രതിഛായക്ക് മങ്ങലേൽപ്പിക്കുന്നു.

**4. അവർ വിശ്വാസത്തിന്റെ മർമ്മം നല്ലമനസാക്ഷി യിൽ സൂക്ഷിക്കണം**

ക്രിസ്തീയ വിശ്വാസം ഒരു വലിയ മർമ്മം ആണ്. അതിനെ ഒരു വലീയ നിധിയായിട്ടാണ് പൗലൊസ് ചിത്രീകരിക്കുന്നത്. ശുശ്രൂഷകന്മാർ കേവലം സഭയുടെ ജോലികൾ നിർവഹിക്കുന്ന വ്യക്തികളായിട്ടു മാത്രമല്ല, വിശ്വാസം എന്ന വിലയേറിയ ദൈവിക മർമ്മം സൂക്ഷിക്കുന്നരുമാ യിരിക്കണം. ഇവിടെ വിശ്വാസം ദൈവദാനവും, നല്ല മനസാക്ഷി അത് സ്വീകരിക്കുന്ന പാത്രവുമാണ്. ഒരു വലിയ നിധി ഒരു കാര്യസ്ഥനെ യജമാനൻ ഭരമേൽപിച്ചാൽ എത്ര ജാഗ്രതയോടെയാണ് അതിനെ കാക്കുന്നത്; അതേ നിലയിൽ ഒരു ശുശ്രൂഷകൻ തനിക്ക് നൽകപ്പെട്ട വിശ്വാസ ത്തിന്റെ മർമ്മം നല്ലമനസാക്ഷിയിൽ സൂക്ഷി ക്കണം. അലസതയോടെയും, വിമുഖതയോടെയും, നിസ്സംഗതയോടെയും ദൈവിക ശുശ്രൂഷകൾ ചെയ്താൽ അനുഗഹമല്ല, ദൈവത്തിന്റെ ശിക്ഷ ക്കാണ് അർഹരാകുന്നത്.

ശുശ്രൂഷകന്മാരുടെ ഭാര്യമാർക്കുണ്ടായിരി ക്കേണ്ട യോഗ്യതകളെക്കുറിച്ചും, നന്നായി വേലചെയ്ത ശുശ്രൂഷകന്മാരുടെ നിലയെക്കു റിച്ചും തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്നു. അലസതയോടെയും, വിമുഖതയോടെയും, നിസ്സംഗതയോടെയും ദൈവിക ശുശ്രൂഷകൾ ചെയ്താൽ അനുഗ്രഹത്തിനല്ല, ദൈവത്തിന്റെ ശിക്ഷക്കാണ് അർഹരാകുന്നത്. ദൈവിക ശുശ്രൂഷകളിൽ മുൻപന്തിയിൽ നില്ക്കുന്ന എല്ലാവർക്കും ദൈവം നല്കുന്ന ഒരു മുന്നറിയി പ്പായും ഈ തിരുവചനഭാഗം നിലകൊള്ളുന്നു. ഈ നിർദ്ദേശങ്ങൾ കുറിക്കൊള്ളുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. **(തുടരും)**

## സുവിശേഷ വയലിലേക്ക്

**മാവേലിക്കര:** മാവേലിക്കരയ്ക്ക് അടുത്തുള്ള വരേണി ക്കൽ എന്ന സ്ഥലത്ത് ഒരു ഹൈന്ദവ കുടുംബത്തിൽ ജനിച്ചു വളർന്ന സഹോ. എൻ. പി. ഗംഗാധരൻ ഈ സഭയുടെ പ്രവർത്തന സ്ഥലമായിരുന്ന കുന്നം എന്ന സ്ഥലത്തു വെച്ച് 18.2.2000-ൽ യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കാനിടയായി. 2.3.2000-ൽ കുടുംബമായി സ്നാനപ്പെട്ട് മാവേലിക്കര ബ്രദ്റൺ സഭയിലെ ദൈവമക്കളോട് ചേർന്ന് കർത്താവിനെ ആരാധിച്ചു പോന്നു. 2002 ജനുവരിയിൽ താൻ വേലയ്ക്കായി വേർതിരിയുകയും തന്റെ ജന്മനാട്ടി ലേയ്ക്ക് മടങ്ങിച്ചെന്ന് സഭയുടെ സഹകരണത്തോടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കുമ്പനാട് ബഥനി ബൈബിൾ സ്ക്കൂളിൽ 2003-04-ൽ ദൈവ വചനം പഠിക്കുന്നതിനും അതെ തുടർന്ന് പ്രവർത്തനം വരേണിക്കലിൽ തുടരുന്നതിനും ഇടയായി. അങ്ങനെ 2.9.2007-ൽ വരേണിക്കലിൽ ഒരു പുതിയ സഭാ കൂടിവരവ് ആരംഭിക്കുന്നതിനും ദൈവം തന്നെ ഉപയോഗിച്ചു. കൂടാ തെ, മാവേലിക്കരയിലും പരിസരങ്ങളിലും ഉള്ള സഭകൾ ചേർന്ന് നടത്തുന്ന പരസ്യയോഗങ്ങളിലും നമ്മുടെ മദ്ധ്യത്തിൽ നടക്കുന്ന പല പൊതുപ്രവർത്തനങ്ങളിലും ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഒരു സഹോദരനുമാ ണ് താൻ. സുവിശേഷ വേലയ്ക്കുള്ള തന്റെ വിളി സഭയ്ക്ക് ബോധ്യമായിരിക്കയാൽ താൻ കർത്താവിന്റെ വേലയിൽ ആയിരിക്കുന്ന വിവരം ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി സഭയായി അറിയിക്കുന്നു. തനിക്കു ഭാര്യയും 2 മക്കളുമുണ്ട്. വിലാസം N.P. Gangadharan, Plavilayil, Varenickal P.O., Mavelikara - 690107. എന്ന് സഭയ്ക്കു വേണ്ടി **പി. ഡി. പാപ്പി, നൈനാൻ കെ. ഈശോ.**

# ദൈവത്തിന്റെ സഭയാം ശരീരത്തെ പിളർക്കുകയോ?

**"ശരീരം ഒന്ന്" - There is one body (എഫെ. 4:5)**

ജോർജ്ജ് സി. വറുഗീസ്, തിരുവനന്തപുരം

'നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ' എന്ന ആത്മപ്രകാശിനി പത്രാധിപ സമിതിയുടെ 'ആരാധനാ വിവാദത്തെ' അധികരിച്ചുള്ള ലേഖനമാണ് ഇപ്പോൾ എന്നെ മിണ്ടാനായി പ്രേരിപ്പിച്ച ഘടകം. കഴിഞ്ഞ എത്രയോ മാസങ്ങളായി ഈ ആരാധനാ വിവാദം വിവിധ പുസ്തകത്താളുകളിലും മാസികകളിലുമായി കർത്തൃദാസന്മാർ ദൈവവചനാടിസ്ഥാനത്തിൽ ആധികാരികമായി എഴുതി. ഇനിയും ഒരു വിവാദത്തിന് വഴിയില്ലാത്തവണ്ണം തീർപ്പുകല്പിച്ചു കഴിഞ്ഞു. അതിനു വിപരീതമായി ദൈവവ്യസ്ഥയ്ക്ക് വിരോധമായി ഇനിയും അത് കെട്ടടങ്ങിയിട്ടില്ല എന്നു കാണുന്നതിൽ ദുഃഖമുണ്ട്. ആരാധനയെ സംബന്ധിച്ച് ദൈവം കല്പിച്ചേകിയ തിരുവെഴുത്തുകൾ വിശദീകരിച്ചു തരുവാനായി പരിശുദ്ധാത്മ പ്രേരിതരായ ദൈവദാസന്മാരെ അവിടവിടെയായി ദൈവം ശേഷിപ്പിച്ചിരിക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ അകത്തെ മനുഷ്യനെ യാഥാർത്ഥ്യം പ്രതിഫലിപ്പിച്ചു കാണിക്കുന്ന ഒരു ദർപ്പണമത്രെ തിരുവെഴുത്തുകൾ. നമുക്കു ചിന്തിക്കുവാനും പറയുവാനും കഴിയുന്നവ എന്തൊക്കെയെന്ന് ഈ സ്വർഗ്ഗീയ ദർപ്പണം നമുക്ക് കാട്ടിത്തരുന്നു. ആ കണ്ണാടിയിലൂടെ നമ്മെത്തന്നെ നോക്കുകയും പ്രതിബിംബത്തിൽക്കൂടെ കാണുകയും ചെയ്യുമെങ്കിൽ! മറ്റൊരു വ്യാഖ്യാനത്തിനും ആവശ്യമില്ലാത്ത വിധത്തിൽ വളരെ വ്യക്തമാണ് പരിശുദ്ധാത്മാവിന്റെ ഉപദേശം. ന്യായം മറിച്ചു കളവാനും മുഖം നോക്കാനും സമൂഹത്തിൽ വിലയും നിലയുമുള്ളവർക്ക് അന്യായവും അനർഹവുമായ സ്ഥാനം കൊടുക്കുവാനും കഴിവ് ഉള്ളവനാണ് മനുഷ്യൻ. പണമോ, സ്വാധീനമോ, ജനസമ്മിതിയോ, അധികാരമോ ആയിരിക്കാം ഇങ്ങനെ ന്യായം മറിച്ചു കളയുന്നതിന് ലഭിക്കുന്ന പാരിതോഷികം. എന്നാൽ മാനുഷിക വ്യവസ്ഥകളും ദൈവീക വ്യവസ്ഥകളും തമ്മിൽ ഒരുമിച്ചു പോകയില്ല. ഇങ്ങനെയുള്ള ന്യായധ്വംസകരെത്തേടി നാം പീലാത്തോസിനെയോ, ഹേരോദിനെയോ, ഫെസ്റ്റസിനേയോ സമീപിക്കണമെന്നില്ല. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദായാലും ഭൂലോകത്തിലേക്കും അതിസൗമ്യനായ മോശെയായാലും ദൈവിക വ്യവസ്ഥയിൽ ഒരു മാറ്റവും വരുത്താൻ ദൈവം സമ്മതിക്കുകയില്ല. യഹോവേ നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു (സങ്കീ. 119:89). ദൈവവ്യവസ്ഥയോട് മത്സരിക്കുന്നവർ, ദൈവത്തോടും മത്സരിക്കുകയാണ് എന്ന സത്യം മറക്കരുത്. "കർത്താവ് തന്റെ ജനത്തെ ന്യായം വിധിക്കും" എന്നരുളിച്ചെയ്തവനെ നാം അറിയുന്നുവല്ലോ. ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം (എബ്രാ. 10:31).

ശലോമോൻ രാജാവിന്റെ അടുക്കൽ വന്ന 2 സ്ത്രീകളുടെ ജീവനുള്ള കുഞ്ഞിനെച്ചൊല്ലിയുള്ള തർക്ക സംഗതിയിൽ രാജാവിന്റെ വിധിപ്രസ്താവം ഏവർക്കും പരിചിതമാണല്ലോ." രാജാവ് കല്പിച്ച വിധി യിസ്രായേൽ ഒക്കെയും കേട്ടു. ന്യായപാലനം ചെയ്യാൻ ദൈവത്തിന്റെ ജ്ഞാനം രാജാവിന്റെ ഉള്ളിൽ ഉണ്ട് എന്നു കണ്ട് അവനെ ഭയപ്പെട്ടു" (1 രാജാ 3:28). "ഇവിടെയിതാ ശലോമോനിലും വലിയവൻ" അവൻ രക്തം കൊടുത്തു സമ്പാദിച്ച സഭയെ ദുരുപദേശത്തിന്റെ പേരിലോ ആരാധനാ വിവാദത്തിന്റെ പേരിലോ ആർക്കാണ് പിളർക്കാൻ കഴിയുക?

"ശരീരം ഒന്ന്" എന്ന മഹത്സത്യത്തെ ഏതു വിധമാണ് നാം ജീവിതത്തിൽ പ്രായോഗികമാക്കുക? ക്രിസ്തു ശിരസ്സും പരിശുദ്ധാത്മാവ് രൂപീകരണശക്തിയും സകല യഥാർത്ഥ വിശ്വാസികളും അവയവങ്ങളായിരിക്കുന്നതും "ശരീരം ഒന്ന്" എന്ന് എഫെ. 4 ൽ ആത്മപ്രചോദിതനായിരുന്ന അപ്പൊസ്തലനായ പൗലൊസ് വിശേഷിപ്പിക്കുന്നതുമായ ശരീരം അന്നെന്നപോലെ ഇന്നും നിലവിലുണ്ട്. പെന്തക്കൊസ്തുനാൾ മുതൽ ഇന്നയോളവും തന്റെ പിതാവിന്റെ നിത്യഭവനങ്ങളിലേക്ക് സകല നിത്യതയോളവും അവിടെ തന്നോടുകൂടെയായിരിക്കേണ്ടതിന് ആ മാർമ്മീക ശരീരത്തെ കൂട്ടിക്കൊണ്ടു പോകുവാൻ മേഘവാഹനമേറി അതിന്റെ ശിരസ്സായവൻ ഇറങ്ങി വരുന്ന അത്യാസന്നമായ ആ അനുഗ്രഹീതനാളോളം സഭ ഈ ഭൂമിയിൽ ഉണ്ടായിരിക്കുകയും ചെയ്യും. ഇത് ഗ്രഹിക്കുവാൻ അനുവാചകന് ബുദ്ധിമുട്ടു തോന്നുന്നുവോ? സഭാശരീരത്തിന്റെ അവയവങ്ങളെ ഉടഞ്ഞും ചിതറിയുമുള്ള അവസ്ഥയിൽ കാണുന്ന ഈ നാളുകളിൽ ആ ശരീരം അഭംഗുരം ഒന്നായിത്തന്നെനിലനിൽക്കുന്നു എന്ന് വിശ്വസിക്കുവാനും സാക്ഷിക്കുവാനും പ്രയാസമായി തോന്നിയേക്കാം. എഫെ. 4:4 ൽ അപ്പൊസ്തലൻ അതെഴുതിയ കാലയളവിലേക്ക് മാത്രമേ പ്രസക്തിയുണ്ടായിരുന്നൂ എന്ന് പക്ഷേ പഠിതാവ് വിചാരിച്ചേക്കാം. എന്നാൽ ആ സഭയുടെ അംഗമെന്നോ ഈ സഭയുടെ അംഗമെന്നോ ചൂണ്ടിക്കാണിക്കാൻ പറ്റാത്ത വിധത്തിൽ ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും അവിടെയും ഇവിടെയും എവിടെയും

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരും (1 കൊരി. 1:2) ഉൾപ്പെട്ടിട്ടുള്ള ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോട് നാം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു നാം വിശ്വസിക്കുന്നു. ഒരു നദിയുടെ കുറുകെ അദൃശ്യമായിക്കിടക്കുന്ന ചങ്ങലയുടെ മദ്ധ്യഭാഗം നാം കാണുന്നില്ല. അതിന്റെ അഗ്രഭാഗങ്ങൾ മാത്രമേ ഇരുകരകളിലും കാണുന്നുള്ളൂ എങ്കിലും നമുക്ക് ദൃഷ്ടിഗോചരമല്ലെങ്കിലും അത് നദിയിലുണ്ട് എന്ന് നാം വിശ്വസിക്കുന്നു. പെന്തക്കൊസ്തു നാളിൽ സഭയെ ഏകമായി നാം കണ്ടു. ഇനി മഹത്വത്തിലും ആ സഭയെ അതിന്റെ ഏകരൂപത്തിൽ നാം കാണും. ഇന്ന് ആ ഏകത്വം നാം കാണുന്നില്ലെങ്കിലും നാം തീർച്ചയായും അത് വിശ്വസിക്കുന്നു.

ശരീരം ഒന്ന് എന്നത് തികച്ചും പ്രായോഗിക സാദ്ധ്യതയുള്ള ഒരു മഹത് സത്യമാണെന്നുള്ളത് നാം ഓർത്തിരിക്കണം. സഭയിലെ ഓരോ പ്രത്യേകാംഗത്തിന്റെയും ആത്മീയ സ്ഥിതിയും നടപ്പും മുഴുസഭയേയും രചനാത്മകമായോ നിഷേധാത്മകമായോ ബാധിക്കുമെന്ന് നമുക്കറിയാം. അതിനാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നുവെങ്കിൽ അവയവങ്ങൾ ഒക്കെയും കൂടെ കഷ്ടം അനുഭവിക്കുന്നു. ഒരു അവയവത്തിന് മാനം വന്നാൽ അവയവങ്ങൾ ഒക്കെയും കൂടെ സന്തോഷിക്കുന്നുവെന്ന് 1 കൊരി 12:26 ൽ നാം വായിക്കുന്നു. സാത്താന്റെ പിണയാളിയായിത്തീരുന്ന ഒരു വ്യക്തി മുഖാന്തിരം ദൈവസഭാശരീരത്തിന് മുഴുവനായി ദോഷം സംഭവിക്കുന്നു. പരിശുദ്ധാത്മ സാന്നിദ്ധ്യമാണ് അവയവങ്ങളെ ശിരസ്സുമായും അവരെ തമ്മിലും സംയോജിപ്പിക്കുന്നത്. ഓരോ അവയവത്തിന്റെയും നടപ്പും വഴികളും മറ്റ് അവയവങ്ങളെയും ബാധിക്കുമെന്നതിന്റെ കാരണവും അതത്രേ. ആഖാൻ പാപം ചെയ്തു, എന്നാൽ “യിസ്രായേൽ” പാപം ചെയ്തു എന്നായിരുന്നു ആ പാപത്തെ ദൈവം വിധിച്ചത്. ആഖാന്റെ പാപത്തെക്കുറിച്ച് തീർത്തും അജ്ഞരായിരുന്ന മറ്റുള്ള യിസ്രായേല്യർ. എങ്കിലും അതു നിമിത്തം സംഭവിച്ച നാണംകെട്ട പരാജയം അവർ ഒന്നടങ്കമായി ഏറ്റു വാങ്ങി.

ഇമ്മാതിരി വിഷമതകളും ഇടർച്ചകളുമൊക്കെ വിശ്വാസിയുടെ ആത്മീയ ജീവിതയാത്രയിൽ ഉളവാകുവാനും അവരെ നേർപാതയിൽ നിന്നും വ്യതിചലിപ്പിക്കുവാനും രാപ്പകൽ ഉദ്യുക്തനത്രേ സാത്താൻ. നമ്മുടെ ആത്മീയ ജീവിതം അനുഗ്രഹപ്രദമാകേണ്ടതിന് ദൈവം കൃപയാൽ ഒരുക്കിയിരിക്കുന്ന അനുഗ്രഹീത പാത നമ്മുടെ കണ്ണിൽപ്പെടാതിരിക്കാനും അങ്ങനെ നമ്മുടെ അനുഗ്രഹം നമുക്ക് നഷ്ടമാകുവാനും ഏതു മാർഗ്ഗം ഉപയോഗിച്ചും കർമ്മനിരതനാണവൻ. അവന്റെ ആലോചനകൾക്ക് ചെവി കൊടുക്കുകയോ അവൻ ഒരുക്കുന്ന കെണിയിൽപ്പെടുകയോ ചെയ്യാതിരിപ്പാൻ നാം ബന്ധശ്രദ്ധരായിരിക്കണം. വിഭാഗീയതകളും പിളർപ്പുകളുമൊക്കെ സഭയുടെ വളർച്ചയ്ക്ക് വളരെ പ്രോത്സാഹനകരമെന്നുള്ള പിളരും തോറും വളരും എന്നുള്ള സാത്താന്റെ ദരിദ്ര സിദ്ധാന്തത്തിന് ക്രിസ്തുഭക്തന്റെയുള്ളിൽ ഏഴയിലത്തുപോലും യാതൊരു സ്ഥാനവും ഉണ്ടായിരിക്കാൻ പാടില്ല. നാം ഒരിക്കലും സഭയ്ക്ക് കേടു വരുത്തുന്നവരായി കാണപ്പെടാൻ പാടില്ല.

കണ്ണിന് കാഴ്ചയില്ലാത്ത ഒരാൾ എവിടെപ്പോയാലും അദ്ദേഹത്തിന്റെ കയ്യിൽ കത്തിച്ച ഒരു റാന്തൽ (മണ്ണെണ്ണ വിളക്ക്) കാണുമായിരുന്നു. “താങ്കളുടെ കണ്ണിന് കാഴ്ചയില്ലല്ലോ, പിന്നെ എന്തിനാണ് ഈ വിളക്കുമായി നടക്കുന്നത് എന്ന് ചോദിച്ചപ്പോൾ തന്റെ ഉത്തരം “എന്നെ മുട്ടി ആരും വീഴാൻ ഇടയാകരുത്” എന്നായിരുന്നു. പ്രിയ സഹോദരങ്ങളേ നാം ദൈവത്തിനോ ദൈവസഭയ്ക്കോ സഹവിശ്വാസികൾക്കോ യാതൊരു വിധ കേടും വരുത്തുന്നവരായി ഒരിക്കലും ഇരിക്കരുത്. നമ്മെ മുട്ടി ആരും വീഴാൻ ഇടയാകരുത് എന്നതായിരിക്കട്ടെ നമ്മുടെ തീരുമാനം.

ഈ നാളുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആരാധനാ വിവാദം മൂലം ചില സഭകളിലെങ്കിലും ചില ചേരിതിരിവുകൾ ഉണ്ടാകുന്നുണ്ട്. എന്നാൽ ഇതിനോടകം പതിരും നെല്ലും വേർതിരിച്ചുകൊണ്ട് തിരുവചനാടിസ്ഥാനത്തിൽ വന്ന ലേഖനങ്ങൾ, പുസ്തകങ്ങൾ മുതലായവ നമ്മെ തിരുവെഴുത്തിൽ സ്ഥിരമാനസരാക്കി നിറുത്തുന്നതിന് സഹായിക്കും എന്നതിന് സംശയമില്ല. “സ്ഥിരമാനസ്സൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ട് നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു” (യെശ 26:3). “ക്രിസ്തീയ ആരാധന” എന്ന ഒരു ആധികാരിക ഗ്രന്ഥം കൊച്ചിയിൽ നിന്നും ഏറ്റവും ഒടുവിലായി പ്രസിദ്ധീകരിച്ചത് കാണുകയുണ്ടായി. “ക്രിസ്തീയാരാധന എന്നത് ക്രിസ്തുഭക്തൻ അവന്റെ കർത്താവിന്റെ പാദത്തിൽ ഇരുന്ന് ഭയത്തോടും, അത്ഭുതത്തോടും ഭക്ത്യാദരവോടും കൂടി അവന്റെ കർത്താവിന്റെ മുഖത്തേയ്ക്ക് ഉറ്റുനോക്കുന്നതാണ്. തന്റെ ഹൃദയം കർത്താവിന്റെ മഹത്വത്താലും സൗന്ദര്യത്താലും സമ്പൂർണ്ണമായി കീഴടക്കപ്പെടുമ്പോൾ അവന്റെ ഹൃദയത്തിൽ നിന്നും ബഹിർഗമിക്കുന്ന ഭക്തിനിർഭരമായ സ്തുതി സ്തോത്രങ്ങളോടെ കർത്തൃപാദങ്ങളിൽ അവൻ നമസ്കരിക്കുന്നതാണ്” എന്ന് അതിൽ വായിക്കുകയുണ്ടായി. വരും ദിവസങ്ങളിൽ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസംതോറും (ഞായറാഴ്ച ദിവസം) തന്റെ മേശ

യ്ക്കുചുറ്റുംകൂടി വന്ന് മേൽ വിവരിച്ച വിധത്തിൽ കർത്തൃമേശയിൽ പങ്കു ചേർന്ന് ആരാധന കഴിക്കാൻ ദൈവമായ കർത്താവ് ഏവരേയും സഹായിക്കട്ടെ.

ഇതിനോടകം തിരുവനന്തപുരം, കുമ്പനാട്, കല്ലിശ്ശേരി, എറണാകുളം മുതലായ സ്ഥലങ്ങളിൽ സ്ഥലം സഭകളുടേയും സുവിശേഷകന്മാരുടെയും ശുശ്രൂഷകന്മാരുടേയും നേതൃത്വത്തിൽ വിശ്വാസികൾക്കായി ബോധവൽകരണ ക്ലാസ്സുകളും സെമിനാറുകളുംനടന്നു കഴിഞ്ഞു. വ്യക്തിപരമായ ആരാധന, സഭ കൂടിവന്നുള്ള ആരാധന വേർപാടും ആരാധനയും എന്താണ് തുടങ്ങിയ വിഷയങ്ങളിൽ നാം ഇതിനോടകം ബോധവാന്മാരായി തീർന്നിരിക്കയാൽ അന്യഥായുള്ള ദുരുപദേശങ്ങൾക്ക് നമുക്ക് ചെവി കൊടുക്കാതിരിക്കാം. ഭിന്നതയും ഗ്രൂപ്പിസവും നമ്മുടെ സ്ഥലംസഭകൾക്ക് തീർത്തും അന്യമായിരിക്കട്ടെ. ഒരു മാന്യ സഹോദരനിൽ നിന്നും കേട്ടത് ഇപ്രകാരമാണ്. സ്ഥലംസഭയിലെ ഒരു സഹോദരന് സഭയിലെ ഉത്തരവാദപ്പെട്ട ഒരു സഹോദരനുമായി (മൂപ്പൻ) ഉള്ള പിണക്കം നിമിത്തം അപ്പവും പാനപാത്രവും തന്റെ കയ്യിൽ നിന്നും നേരിട്ട് വാങ്ങുന്നത് ഒഴിവാക്കാനായി ഇരുവരുടെയും മദ്ധ്യത്തിൽ മറ്റൊരു സഹോദരനെ കൊണ്ടുവന്നിരുത്തി ഭിന്നത ഒഴിവാക്കിയതായി കേൾക്കയുണ്ടായി. തന്നത്താൻ ശോധന ചെയ്തിട്ട് അന്യോന്യം നിരപ്പ് പ്രാപിച്ചതിനു ശേഷം വേണം കർത്തൃമേശയിൽ സംബന്ധിക്കാൻ എന്ന അപ്പൊസ്തലികോപദേശത്തിന് സ്വയം കണ്ടുപിടിച്ച കുറുക്കു വഴി. പ്രിയ ദൈവമക്കളെ ഇതൊന്നും ദൈവം അംഗീകരിക്കുന്ന നിരപ്പ് പ്രാപിക്കലല്ല എന്ന് ഓർത്തുകൊള്ളുക. “നിങ്ങൾ ഏക മനസ്സുള്ളവരായി ഏകസ്നേഹം പൂണ്ട് ഐക്യമത്യപ്പെട്ട് ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ” (ഫിലി. 2:2)എന്ന ആത്മാവിന്റെ പ്രബോധനം കൈകൊണ്ട് ജീവിക്കുവാനായി ദൈവമായ കർത്താവ് ഏവരേയും സഹായിക്കുമാറാകട്ടെ.

മാത്രമല്ല നമ്മുടെ കുഞ്ഞുങ്ങളെ ദുരുപദേശങ്ങൾ പഠിപ്പിക്കുന്ന ദൈവവചന വിരുദ്ധമായ കാര്യങ്ങൾ (ലൈംഗീക കാര്യങ്ങൾ ഉൾപ്പെടെയുള്ള)പഠിപ്പിക്കുന്ന ക്ലാസ്സുകൾക്കോ ക്യാമ്പുകൾക്കോ അയയ്ക്കുകയില്ല എന്ന് തീരുമാനിച്ച് നടപ്പിലാക്കേണ്ട ചുമതലയും സ്ഥലം സഭകൾക്കും മാതാപിതാക്കൾക്കും ഉണ്ട്. മാതാപിതാക്കളിൽ നിന്നും മാത്രം പഠിക്കേണ്ട അറിയേണ്ട പ്രത്യേക വിഷയങ്ങൾ അവർതന്നെ കുഞ്ഞുങ്ങളോടും പറയട്ടെ. മറ്റുള്ളവർ അതിൽ കൈകടത്താതിരിക്കട്ടെ. “ഞാൻ നിങ്ങളോട് ആജ്ഞാപിക്കുന്നതൊക്കെയും പ്രമാണിച്ച് നടപ്പീൻ. അതിനോട് കൂട്ടരുത് അതിൽ നിന്ന് കുറയ്ക്കയുമരുത്.... നിങ്ങളുടെ ദൈവമായ യഹോവയെ നിങ്ങൾ അനുസരിച്ച് ഭയപ്പെടുകയും അവന്റെ കല്പന പ്രമാണിച്ച് അവന്റെ വാക്കു കേൾക്കയും അവനെ സേവിച്ച് അവനോട് ചേർന്നിരിക്കയും വേണം” (ആവ. 13:1-5). “നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക. നിത്യജീവനെ പിടിച്ചു കൊൾക. അതിനായി നീ വിളിക്കപ്പെട്ടു” (1 തിമൊ. 6:11-12). “യഹോവയെ ഭയപ്പെട്ടും പൂർണ്ണ ഹൃദയത്തോടും പരമാർത്ഥതയോടുംകൂടെ സേവിക്കമാത്രം ചെയ്വീൻ, ഞാൻ നിങ്ങൾക്ക് എത്ര വലിയ കാര്യം ചെയ്തിരിക്കുന്നു എന്ന് ഓർത്തുകൊൾവീൻ” (1 ശമൂ. 12:24). “എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും. പിതാവ് അവനെ സ്നേഹിക്കും. ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസം ചെയ്യും”(യോഹ. 14:23).

ഉല്പത്തി മുതൽ വെളിപ്പാടുവരെയുള്ള വേദഭാഗങ്ങളിലെല്ലാം ഒരേ പരിശുദ്ധാത്മാവിന്റെ ശബ്ദമത്രേ നാം കേൾക്കുന്നത്. വിശുദ്ധ തിരുവെഴുത്തുകളിലെ 66 വിഭാഗങ്ങളുടേയും പ്രചോദകൻ ഒരേ ദൈവാത്മാവു തന്നെ. ശരീരം ഒന്ന് ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ...... എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ (എഫെ. 4:5-7). നമുക്ക് ബന്ധപ്പെടുവാൻ സംഗതി വരുന്ന ഏവരെയും അത്യന്തം ഗൗരവമായ ഈ ആത്മീയ സത്യം - സത്യാരാധന എന്ത്? മിഥ്യാരാധന എന്ത്- അതർഹിക്കുന്ന ശക്തിയോടും ബോധവാന്മാരാകുക എന്ന കടപ്പാട് നമുക്കുണ്ട്. കടിഞ്ഞാണിടാത്ത ജഡികതയുടെയും ആത്മീയ വിരസതയുടെയും ദൈവോന്മുഖമായി തുറന്ന ശത്രുതയുടേതുമായ ഈ നാളുകളിൽ ഈ സ്വർഗ്ഗീയ സത്യം താല്പര്യപൂർവ്വം മുറുകെപിടിച്ചു കൊൾവാനും അതിന്റെ നിരന്തര സാക്ഷികളായിരിപ്പാനും പ്രിയ അനുവാചകരോടും അത്യന്തം താല്പര്യത്തോടെ അപേക്ഷിക്കുകയാണ്. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ. ●

## ബഥനി ബൈബിൾസ്കൂൾ കുമ്പനാട്

സ്കൂളിന്റെ 60-ാമത് ബാച്ച് 2-6-08 ന് ആരംഭിക്കുവാൻ കർത്താവ് സഹായിച്ചു. കേരളത്തിലെ വിവിധ സ്ഥലംസഭകളിൽ നിന്നുള്ള 11 സഹോദരന്മാർ പഠനം നടത്തുന്നു. ഈ സ്കൂൾ പ്രവർത്തനത്തെ സഭകളായും വ്യക്തികളായും പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. സെക്രട്ടറി ബഥനി ബൈബിൾ സ്കൂൾ പി.ബി. നമ്പർ - 45, കുമ്പനാട് 689547.

# റിബെക്കയും മക്കളും

കെ.കമലം മല്ലിശ്ശേരി

ആകാരത്തിലും സ്വഭാവത്തിലും വ്യത്യസ്ഥരായ രണ്ടു പുത്രന്മാർ യിസ്ഹാക്കിന് റിബെക്കയിൽ ജനിച്ചു. വേട്ടയിൽ സമർത്ഥനും വനസഞ്ചാരിയുമായ ഏശാവ്; സാധുശീലനും കൂടാരവാസിയുമായ യാക്കോബ്.

യിസ്ഹാക്കും റിബെക്കയും പക്ഷപാതികളായിരുന്നു. യിസ്ഹാക്ക് ഏശാവിനെയും റിബെക്ക യാക്കോബിനെയും കൂടുതൽ സ്നേഹിച്ചു. ഈ പക്ഷപാതം വലിയ ദോഷകാരണമായിത്തീർന്നു. ഏശാവ് ഹിത്യസ്ത്രീകളെ വിവാഹം കഴിച്ച് മാതാപിതാക്കൾക്ക് മനോവ്യസനമുണ്ടാക്കി. യാക്കോബ് പിന്നീട് പിതാവിനെ വഞ്ചിച്ച് അനുഗ്രഹം വാങ്ങിയശേഷം വീടുവിട്ട് പോകുകയുണ്ടയി. അങ്ങനെ മുഖപക്ഷം കാരണം കുടുംബബന്ധങ്ങൾക്ക് അയവുവന്നു. റിബെക്ക പിന്നീടൊരിക്കലും യാക്കോബിനെ കണ്ടില്ല. ഇവിടെ ഒരു മാതാവും പിതാവും രണ്ടു മക്കളും; അവരുടെ ചിന്താധാര നാലു വഴിക്ക് തിരിഞ്ഞ അവസ്ഥയിൽ!

"ദൈവത്തിന് മുഖപക്ഷമില്ല." എന്നാൽ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരായ നാം പക്ഷം പിടിച്ച് ഭൗമികകാര്യങ്ങൾ സൗകര്യപ്പെടുത്തുന്നതിൽ ദൈവം സന്തുഷ്ടനാകുമോ? ഒരിക്കലുമില്ല. അതു മാത്രമോ, ആജീവിനാന്തം ഈ ദുരന്തം നമ്മെ ചുറ്റിയിരിക്കും. ദൈവത്തോടും മനുഷ്യരോടും പാപം ചെയ്തുവെന്ന കുറ്റബോധത്തോടുകൂടി നാളുകൾ കഴിക്കേണ്ടിവരും. അതുകൊണ്ട് സഹോദരിമാരേ, നാം ക്രിസ്തുയേശുവിൻ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവരായി വിശ്വാസം, ദീർഘക്ഷമ, സ്നേഹം എന്നിവയ്ക്ക് അനുവർത്തികളായി ശുദ്ധഹൃദയത്തോടെ യേശുക്രസ്തുവിന്റെ രണ്ടാം വരവിനെ പ്രതീക്ഷിച്ച് ജീവിത യാത്ര തുടരാം.

ഇവിടെ ശ്രദ്ധേയമായ മറ്റൊരു കാര്യം രേഖപ്പെടുത്തട്ടെ. യാക്കോബിന് അബ്രാഹാമിന്റെ അനല്പമായ ശിക്ഷണം ചെറുപ്രായത്തിൽ ലഭിക്കുവാൻ അവസരമുണ്ടായി. ഒരു വിശ്വാസജീവിതത്തിന്റെ അടിസ്ഥാനപരമായ പാഠങ്ങളെല്ലാം തന്നെ യാക്കോബിന് അബ്രാഹാമിൽ നിന്നും ലഭിച്ചു എന്നും തന്റെ പ്രായോഗിക ജീവിതത്തിൽ അത് തന്നിൽ അത്ഭുതകരമായി പ്രതിഫലിച്ചതായും യാക്കോബിന്റെ ചരിത്രം പഠിക്കുമ്പോൾ മനസ്സിലാക്കാവുന്നതാണ്. ഇന്നത്തെ അണുകുടുംബങ്ങൾക്കു നിരക്കാത്ത ഒരു പാരമ്പര്യമാണ് അത്. മൂന്ന് തലമുറകൾ ഒന്നിച്ചു പാർക്കുന്ന കൂട്ടുകുടുംബം. ഇന്ന് കൂട്ടുകുടുംബം എന്തെന്ന് കുട്ടികൾ അറിയുന്നത് സാമൂഹ്യപാഠത്തിൽ നിന്നു മാത്രമാണെന്ന് ഖേദപൂർവ്വം എഴുതട്ടെ.

കുടുംബത്തിലെ പ്രധാന ഘടകമാണ് മക്കൾ. അവർ യഹോവ നൽകുന്ന ദാനം (സങ്കീ. 127:3) എന്നു വചനം വ്യക്തമാക്കുന്നു. അവരെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവാൻ ദൈവം വ്യക്തമായി നിർദ്ദേശിച്ചിരിക്കുന്നു (എഫെ. 6:4). മാതാക്കൾ മക്കളെ വളർത്തുന്നതിൽ വളരെ ശ്രദ്ധാലുക്കൾ ആയിരിക്കേണ്ടതാണ്. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" (സദൃ.22:6) എന്ന വാക്യമനുസരിച്ച് സഹോദരിമാർ തങ്ങളുടെ മക്കളെ വളർത്തുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. യാക്കോബ് 2:9-ൽ നാം ഇങ്ങനെ വായിക്കുന്നു. "മുഖപക്ഷം കാണിച്ചാലോ പാപം ചെയ്യുന്നു." മുഖപക്ഷം കൂടാതെ എല്ലാ മക്കളോടും സമസ്നേഹത്തോടെ പെരുമാറിയാൽ പ്രശ്നങ്ങൾ പലതും ഒഴിവാക്കാം. മാതാപിതാക്കൾ ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നവരും ദൈവകല്പന ഹൃദയപൂർവ്വം അനുസരിക്കുന്നവരും ആയാൽ മാത്രമേ മാതൃകാജീവിതം നയിക്കാൻ കഴിയുകയുള്ളൂ. തിരുവെഴുത്തിലെ പ്രമാണങ്ങളിൽ നിന്ന് വ്യതിചലിച്ചാൽ നഷ്ടവും തീരാദുഃഖവുമാണ് പരിണിതഫലം എന്ന സത്യം നാം വിസ്മരിച്ചു കൂടാ. സഹോദരിമാരേ, നമ്മുടെ നിലപാട് എന്താണ്? ഒരു സ്വയപരിശോധന നടത്തുവാൻ കർത്താവ് സഹായിക്കട്ടെ. ●

## അഭ്യർത്ഥന

**കുളമാവ് :** ഇവിടെ നിന്നും 8 കിലോമീറ്റർ ദൂരങ്ങളിലുള്ള കോഴിപ്പള്ളി, വലിയമാവ്, കരിപ്പലങ്ങാട്ട്, നാടുകാണി, പൊട്ടൻപ്പടി തുടങ്ങിയ സ്ഥലങ്ങളിൽ വേണ്ടതുപോലെ സുവിശേഷം എത്തിയിട്ടില്ല. മഴക്കാലം തുടങ്ങിയാൽ പല വീടുകളും പട്ടിണിയാണ്. സ്കൂളിലെ ഉച്ചഭക്ഷണം പ്രതീക്ഷിച്ചാണ് 5 ഉം 6 ഉം കിലോമീറ്റർ നടന്ന് പല കുട്ടികളും സ്കൂളിൽ വരുന്നത്. ഇവിടങ്ങളിൽ മഴക്കാലത്താണ് ഭവനസന്ദർശനത്തിന് അനുയോജ്യം എല്ലാവരും വീട്ടിൽ കാണും. എന്നാൽ പ്രവർത്തനങ്ങൾക്ക് സാമ്പത്തികമില്ലാത്തതിനാൽ വളരെ ഭാരപ്പെടുന്നുണ്ട്. ഇവിടെയുള്ള ആവശ്യങ്ങൾക്കായി മൂലമറ്റം SBT Bank ൽ A/c No. 67058093355 എന്ന നമ്പരിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. കുളമാവിലുള്ള സഭയേയും ഈ പ്രദേശങ്ങളിലെ പ്രവർത്തനങ്ങളെയും ഓർത്ത് ദൈവമക്കൾ പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുമാറാകണമെന്ന് അപേക്ഷിക്കുന്നു. വിലാസം Bethel Brethren Assembly, C/o Johnson C.S. (EVG.) Chamaparayil House, Kulamavu P.O., Idukki 685 601 എന്ന് ശാമുവേൽ മോശ, ജോൺസൺ സി.എസ്.

# ആരാധന

പി.റ്റി. തോമസ്, ഝാബുവ

**ക**ർത്താവ് ശമര്യക്കാരത്തിയോട് സംസാരിക്കുമ്പോൾ ആരാധനയെക്കുറിച്ച് രസകരമായ ഒരു വിവരണമാണ് കൊടുക്കുന്നത്. മൂന്നു വിധ ആരാധനയെ അത് വിവരിക്കുന്നു.

1. നിങ്ങൾ യെരുശലേമിൽ ആരാധിക്കുന്നു. യഹൂദന്മാരുടെ ആരാധന
2. ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ; ശമര്യരുടെ ആരാധന
3. ആത്മാവിലും സത്യത്തിലുമുള്ളത്: ക്രിസ്തീയാരാധന

കർത്താവിന്റെ വാക്കുകളിൽ (72 ഗ്രീക്കു വാക്കുകളിൽ) ശ്രദ്ധേയമായതാണ് ചുവടെ ചേർക്കുന്നത്.

**1. ആരാധനയിൽ പ്രവൃത്തി** :- 'നമസ്കരിക്കുക' എന്ന വാക്ക് ഗ്രീക്കിൽ യോഹ. 4:21-24 വരെ 9 പ്രാവശ്യം ക്രിയാ രൂപത്തിലും ഒരു പ്രാവശ്യം നാമരൂപത്തിലും ഉപയോഗിച്ചിരിക്കുന്നു. ഈ പദം ആകെ 60 പ്രാവശ്യം പുതിയനിയമത്തിലും വെളിപ്പാടിൽ 24 പ്രാവശ്യവും എഴുതിയിരിക്കുന്നു. ആരാധനയെക്കുറിച്ച് പുറജാതികളിൽ നിന്നുള്ള സഹോദരന്മാരോട് പറയുന്ന ഒരിടത്തും ഈ പ്രത്യേക വാക്ക് പൗലൊസ് ഉപയോഗിച്ചിട്ടില്ല. "പ്രൊസ്കുനെ-ഓ" എന്ന ഈ ഗ്രീക്ക് പദത്തിന് 2 തരത്തിലുള്ള ആശയങ്ങളാണ് ഉള്ളത്. ഒരടിമദാസൻ തന്റെ യജമാനനെ കാണുമ്പോൾ കൈയുയർത്തി വന്ദിക്കുകയോ കൈകൂപ്പിവന്ദിക്കുകയോ അല്ല. അടുത്തു ചെന്ന് മുട്ടിന്മേൽ നിന്ന് കൈമേൽ ചുംബനം ചെയ്യുകയാണ് പതിവ്. ഒരു വളർത്തു നായ് നന്ദിസൂചകമായോ, എന്തെങ്കിലും ലഭിക്കേണ്ടതിനായോ യജമാനന്റെ മുഖത്തേയ്ക്ക് നോക്കാറുണ്ടല്ലോ? ഈ ചുംബനവും ഈ നോട്ടവുമാണ് ഈ ഗ്രീക്കു പദത്തിന്റെ ആശയം.

നാം ദൈവത്തെ ആരാധിക്കുമ്പോൾ ആശ്ചര്യം കൂറുന്ന നോട്ടവും നന്ദികൊണ്ട് നിറഞ്ഞ ഹൃദയത്തിന്റെ പ്രദർശനവും അവയോടനുബന്ധിച്ച ആദരവും പ്രദർശിപ്പിക്കേണ്ടതാണ്. തന്റെ ജനത്തിന്റെ ഹൃദയത്തിൽ നിന്ന് ദൈവത്തിങ്കലേക്ക് കവിഞ്ഞൊഴുകുന്ന സ്തുതിസ്തോത്രങ്ങളാണ് ആരാധന. കർത്താവായ യേശുക്രിസ്തു മൂലം വെളിപ്പെട്ടിരിക്കുന്ന ദൈവത്തെ ഭക്ത്യാദരം ചിന്തിച്ച് ധ്യാനിക്കുന്നതാണ് ഇന്നത്തെ ആരാധന. ദൈവം തന്നിൽത്തന്നെ ആരായിരിക്കുന്നുവോ അതനുസരിച്ചുള്ള ബഹുമാനം നല്കുന്നതും ആരാധനയത്രേ. വിശ്വാസിയിൽ നിന്നും പരിശുദ്ധാത്മാവ് മുഖാന്തിരം ആരാധന ദൈവത്തിങ്കലേക്ക് വരുന്നു.

**2. ആരെ ആരാധിക്കണം:-** അഥേനക്കാർ അജ്ഞാത ദേവനെ (പ്രവൃ. 17:23) ആരാധിച്ചു വന്നതുപോലെ ശമര്യരും അവർ അറിയാത്തതിനെ ആരാധിച്ചുവന്നു. ശമര്യർ യൊരോബയാമിന്റെ സ്വർണ്ണ കാളക്കുട്ടിയെ ആരാധിച്ചുപോന്നു. യഹൂദന്മാർ യഹോവയെന്ന നാമത്തിൽ വെളിപ്പെട്ടു കിട്ടിയ ദൈവത്തെ ഭയഭക്തിയോടെ ആരാധിച്ചു വന്നു. അവരുടെ ആരാധനാ രീതി ശരിയായിരുന്നെങ്കിലും അവരുടെ ആത്മാവും മനോഭവവും ശരിയല്ലായിരുന്നു. ശമര്യർ ആരാധന രീതിയിലും ആത്മാവിലും തെറ്റായിരുന്നു.

എന്നാൽ ശരിയായ ക്രിസ്തീയാരാധന ദൈവത്തെ പിതാവായി കണ്ടുകൊണ്ടും സ്നേഹത്തോടും ആദരവോടുംകൂടിയുള്ളതാണ്. നാം ദൈവത്തെ ആരാധിക്കുന്നത് പിതൃപുത്ര ബന്ധത്തെ അടിസ്ഥാനമാക്കിയാണ് (യോഹ 4:23). നാം പുരോഹിതന്മാരായി അതിവിശുദ്ധ സ്ഥലത്തേയ്ക്ക് കടന്നാണ് ആരാധിക്കുന്നത്.

സ്ഥലം ഏതായാലും സാരമില്ല. 4:21
പാരമ്പര്യ പ്രകാരമല്ല 4:20
അറിവില്ലാത്ത കാര്യമായിരിക്കരുത്. 4:22
പിതാവിനെയാണ് ആരാധിക്കേണ്ടത്. 4:23
ആത്മാവിലും സത്യത്തിലും ആരാധിക്കണം. 4:24

**3. ആരാധനാ സ്ഥലം :-** ആരാധിക്കേണ്ടത് ഗെരസീം മലയിലായിരിക്കണമെന്ന് ശമര്യരും യെരുശലേമിലായിരിക്കണമെന്ന് യദൂദന്മാരും പറഞ്ഞു വന്നു. കള്ളയാരധനക്കാർ ആരാധനയേക്കാൾ ആരാധനാ സ്ഥലത്തിനാണ് പ്രാധാന്യം നൽകുന്നത്. ഉദാഹരണത്തിന് നമ്മുടെ ചുറ്റും നടക്കുന്ന ആരാധനകൾ തന്നെ.

എന്നാൽ ക്രിസ്തീയാരാധനയ്ക്ക് കൂടിവരുന്ന സ്ഥലം മുഖ്യവിഷയമായിരിക്കുന്നില്ല. "ഈ മലയിലുമല്ല, യെരുശലേമിലുമല്ല" കൈപ്പണിയായതിൽ ദൈവം വസിക്കുന്നില്ല എന്ന് പൗലൊസ് പറയുന്നത് ഓർക്കുക (പ്രവൃ. 17:24). ക്രിസ്തീയ പുരോഹിതന്മാരായ നാം ബാഹ്യമായ നിലയിൽ വിശേഷതയുള്ള സ്ഥലത്തല്ല ചീന്തപ്പെട്ട തിരശ്ശീലയ്ക്കുള്ളിലേക്ക് കടന്ന് അതിവിശുദ്ധ സ്ഥലത്തു നിന്നുകൊണ്ടാണ് ആരാധിക്കുന്നത് (എബ്രാ. 10:19-20)

**4. ആരാധിക്കുന്നവർ (സത്യനമസ്കാരികൾ)-** ദൈവത്തിന്റെ പുരോഹിതന്മാർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ (1 പത്രൊ. 2:1-5, 9 വെളി. 1:6).

1. പിതാവിന്റെ മുന്നറിവിനൊത്തവണ്ണം തിരഞ്ഞെടുക്കപ്പെട്ടവർ (1 പത്രൊസ് 1:2, 20)
2. ദൈവവചനത്താൽ വീണ്ടും ജനിച്ചവർ (1 പത്രൊസ് 1:23)
3. രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ (1 പത്രൊസ് 1:18)

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.101- ചോദ്യം

**വിഷയം : ദൈവമക്കൾക്കുള്ള പ്രതിഫലം**

**വായനഭാഗം** : സങ്കീ. 19, സദൃ. 22,23,25, മത്താ. 5, ലൂ. 6, വെളി. 22

**ചോദ്യം**

1. വളരെ പ്രതിഫലമുള്ളത് എന്തു പ്രമാണിക്കുന്നതിനാലാണ്?
2. താഴ്മയ്ക്കും യഹോവ ഭക്തിക്കും ഉള്ള പ്രതിഫലം എന്ത്?
3. ശത്രുവിന് വിശപ്പിന് ആഹാരവും ദാഹത്തിനു കുടിപ്പാനും കൊടുത്താൽ നിനക്ക് പ്രതിഫലം തരുന്നത് ആര്?
4. എല്ലായ്പ്പോഴും യഹോവാഭക്തിയോടെ ഇരുന്നാൽ നിശ്ചയമായും എന്തുണ്ടാകും?
5. കർത്താവിന്റെ നാമം നിമിത്തം നിങ്ങളെ പഴിക്കയും നിങ്ങളെക്കുറിച്ച് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ സന്തോഷിച്ച് ഉല്ലസിക്കാം. കാരണമെന്ത്?
6. നിങ്ങളുടെ പ്രതിഫലം വളരെ ആകാൻ നിങ്ങൾ ചെയ്യേണ്ടത് എന്തെല്ലാം?
7. കർത്താവ് പ്രതിഫലവുമായി വേഗം വരുന്നത് ആർക്ക്, എന്ത്, എത്രമാത്രം കൊടുപ്പാനാണ്?

**ശ്രദ്ധിച്ചാലും:** ഈ വിഷയം സംബന്ധിച്ച് വേറെ കൂടുതൽ കാര്യങ്ങൾ അടിസ്ഥാനവേദവാക്യങ്ങൾ സഹിതം എഴുതിയാൽ കൂടുതൽ മാർക്കു കൊടുക്കുന്നതാണ്.

അടിസ്ഥാന വേദഭാഗം കുറിച്ച് പൂർണ്ണവാചകത്തിൽ ഉത്തരം എഴുതുക. ഒത്തുവാക്യമുണ്ടെങ്കിൽ അവ വാക്യനമ്പർ, ആശയം എന്നിവ കാണിച്ച് എഴുതണം. പൂർണ്ണവിലാസവും ഒപ്പും കൂടിയേ തീരൂ. 101 മുതൽ 106 വരെ പ്രശ്നാവലിയുടെ ഉത്തരം അടുത്ത സമ്മാനത്തിനു പരിഗണിക്കും. പ്രശ്നാവലി നം. 101 ന്റെ ഉത്തരം 1-9-08 നകം കിട്ടിയിരിക്കണം. 88 മുതൽ 93 വരെയുള്ള പ്രശ്നാവലിയുടെ സമ്മാനം ഇതിനകം കിട്ടിയില്ലെങ്കിൽ ഓരോന്നിനു കിട്ടിയ മാർക്കുകൂടെ എഴുതി വിവരം അറിയിക്കണമേ. മറ്റു സമ്മാനങ്ങൾ എത്രയും വേഗം അയച്ചുതരാം.

**വിലാസം : ബൈബിൾ പ്രശ്നാവലി, C/o ആത്മപ്രകാശിനി, കുമ്പനാട് പി.ഒ. - 689547.**

---

4. അനുസരണമുള്ള മക്കൾ (1 പത്രൊസ് 1:22- 'അനുസരിക്കയാൽ')
5. കർത്താവ് ദയാലു എന്നാസ്വദിച്ചവർ (1 പത്രൊസ് 2:3)
6. അടുക്കൽ വന്നു ജീവനുള്ള കല്ലുകളായവർ (1 പത്രൊസ് 2:4)
7. ആത്മീയ ഗൃഹമായി പണിയപ്പെടുന്നവർ (1. പത്രൊസ് 2:5)

**5. ആരാധനയുടെ രീതി:-** ഫിലി 3:3 ൽ ആരാധനയുടെ 3 ലക്ഷണങ്ങൾ കാണാം. അവ:-

1. ജഡത്തിന്റെ യത്നത്താലല്ല ദൈവാത്മാവിനാലാണ് ആരാധിക്കേണ്ടത്. പ്രാകൃത മനുഷ്യന് ആരാധിപ്പാൻ കഴിയുന്നതല്ല. സംഗീതത്തിന്റെ മേളക്കൊഴുപ്പിനാൽ മനസ്സിനെ ഇളക്കിപ്പെരുക്കാൻ കഴിയും. അത് ആരാധനയല്ല.

2. ക്രിസ്തുവിൽ ആനന്ദിക്കുന്ന അനുഭവത്തോടുകൂടിയതാണ്. നമ്മുടെ സ്നേഹത്തിന്റെയും സ്തുതിയുടെയും ലക്ഷ്യം അവനാണ്.

3. ജഡത്തിൽ നാം ആശ്രയിക്കുന്നില്ല (3:5,6). ഇവിടെ ജഡത്തിന് പ്രശംസാവിഷയം ആയിരിക്കുന്നവയുടെ ഒരു പട്ടിക തന്നെ കാണുന്നു.

**6. ആരാധനയാണ് സ്വർഗ്ഗത്തിലെ നിരന്തര ജോലി** (വെളി 4:5; 22:3). അറുക്കപ്പെട്ട കുഞ്ഞാടിരിക്കുന്ന സിംഹാസനത്തിനു ചുറ്റും ആരാധകന്മാർ നിന്ന് ആരാധിക്കുന്നു. മൂപ്പന്മാർ അവന്റെ മുമ്പാകെ കവിണ്ണു വീണു ആരാധിക്കുന്നു. യോഗ്യനായ ഈ പുരുഷന് സ്വർഗ്ഗം മുഴുവൻ ആരാധന കരേറ്റുന്നു. ●

# യഹോവ യിരേ . . . .

**ഗോഡ്സൺ, കുട്ടമല**

*അബ്രാഹാം ആ സ്ഥലത്തിന് യഹോവ യിരേ എന്ന് പേരിട്ടു* (ഉല്പത്തി 22:14). നൂറ്റാണ്ടുകൾക്കു മുമ്പ് വിശ്വാസികളുടെ പിതാവ് എന്ന അപരനാമത്തിൽ അറിയപ്പെടുന്ന അബ്രാഹാമിന് ദൈവം പ്രത്യക്ഷനായിട്ട് അവനോട് പറഞ്ഞു. 'നിന്റെ ഏകജാതനായ പുത്രനെ (യിസ്ഹാക്ക്) മോരിയ ദേശത്തിലെ ഒരു മലയിൽ കൊണ്ട് ചേന്ന് എനിക്കായി ഒരു ഹോമയാഗം അർപ്പിക്കണം'. പുത്രനെക്കാളും ദൈവത്തെ സ്നേഹിച്ച അബ്രാഹാം ദൈവകല്പന അനുസരിക്കുവാൻ സന്നദ്ധനായി, മകനെയും കൊണ്ട് മോരിയ ദേശത്ത് ദൈവം കല്പിച്ച മലയിൽ എത്തിയ അബ്രാഹാം വലിയ ഹൃദയഭാരത്തോടെ മകന്റെ കൈയും കാലും കെട്ടി താൻ ഉണ്ടാക്കിയ യാഗപീഠത്തിന്മേൽ കിടത്തി (ഒരു പക്ഷേ യാഗപീഠത്തിന്മേൽ കിടന്നുകൊണ്ട് യിസ്ഹാക്ക് എന്ന അബ്രാഹാമിന്റെ അരുമജാതൻ ദയനീയമായി കരയുന്നുണ്ടായിരിക്കാം. കാരണം അവനറിയില്ലല്ലോ തന്റെ പിതാവ് ദൈവകല്പന അനുസരിക്കയാണെന്ന്). എന്നിട്ട് അബ്രാഹാം തന്റെ കത്തി പുത്രനെ അറുക്കേണ്ടതിനായി ഉയർത്തി. പെട്ടെന്ന് അബ്രാഹാമിനെ സന്തോഷിപ്പിക്കുന്ന പ്രൗഢഗംഭീരമായ ഒരു സ്വരം ആകാശത്ത് നിന്ന് മുഴങ്ങി കേട്ടു. "അബ്രാഹാമേ, അബ്രാഹാമേ, ബാലന്റെ മേൽ കൈവെക്കരുത്" (വാ. 11). ഒരു പക്ഷേ ഈ സമയം അബ്രാഹാമിന്റെ കണ്ണുകൾ ആനന്ദ കണ്ണുനീർ തൂകിയിരിക്കും, ആകാശത്ത് നിന്ന് മുഴങ്ങി കേട്ട വാക്കുകളനുസരിച്ച് അവൻ തലയുയർത്തി നോക്കിയപ്പോൾ അവിടെ ഒരു ആട് കൊമ്പ് കുരുങ്ങി കിടക്കുന്നത് കണ്ടു. അതിസന്തോഷത്തോടെ തന്റെ മകന് പകരമായി ആ ആടിനെ ഹോമയാഗമായി കഴിച്ചു. അതിനു ശേഷം താൻ ആ സ്ഥലത്തിന്റെ പേര് യഹോവ യിരേ എന്ന് മാറ്റി. യഹോവ യിരേ എന്ന വാക്കിന്റെ അർത്ഥം യഹോവ എന്നെ കരുതുന്നു അല്ലെങ്കിൽ യഹോവ എന്നെ കാണുന്നു എന്നാണ്. പ്രിയരേ, അനേക പ്രാവശ്യം നാം ഈ പദം നമ്മുടെ പ്രതിദിനജീവിതത്തിൽ ഉപയോഗിക്കാറുണ്ട്. പക്ഷേ യഥാർത്ഥമായി യഹോവ കരുതുന്നു എന്ന് മനസ്സിലാക്കിയിട്ടാണോ നാം ഈ പദം ഉപയോഗിക്കുന്നത്? ഇവിടെ അബ്രാഹാമിന് പൂർണ്ണമായി ഒരു സത്യം മനസ്സിലായി; അത് യഹോവ അവനെ പൂർണ്ണമായി കരുതുന്നു എന്നുള്ളതാണ്. അതുകൊണ്ട് അബ്രാഹാം വളരെ സന്തോഷത്തോടുകൂടെ പറയുന്ന വാക്കാണ് യഹോവ യിരേ. അബ്രാഹാമിനെ യഹോവയിരേ എന്ന് പറയുവാൻ പ്രേരിപ്പിച്ച ചില ഘടകങ്ങൾ നമുക്ക് ചിന്തിക്കാം.

**1. അബ്രാഹാം ദൈവത്തിന്റെ വാക്ക് പൂർണ്ണ ഹൃദയത്തോടെ അനുസരിച്ചു (വാ. 3)**

ദൈവ കല്പന അനുസരിച്ചു കൊണ്ട് അതിരാവിലെ എഴുന്നേറ്റ് പുറപ്പെട്ട് പോകുന്ന അബ്രാഹാം, ദൈവം തനിക്ക് നൽകിയ ഏകജാതനെ യാഗം അർപ്പിക്കുവാൻ ദൈവം പറഞ്ഞപ്പോൾ മനസ്സില്ലാ മനസ്സോടെയല്ല അനുസരിച്ചത്, മറിച്ച് പൂർണ്ണഹൃദയത്തോടെ ദൈവത്തെ അനുസരിച്ചു. യഹോവ തന്നെ കരുതുന്നുഎന്ന് തനിക്ക് അറിയാമായിരുന്നു. ഞാനോ നിങ്ങളോ അബ്രാഹാമിന്റെ സ്ഥാനത്ത് ആയിരുന്നുവെങ്കിൽ!!! ഫലം പരിതാപകരമായിരുന്നെനേ.

ദൈവം ഒരു യാഗം ചെയ്യുവാനായി നമ്മോട് പറഞ്ഞിട്ടുണ്ട്. അത് ഇങ്ങനെയാണ് ". . . ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ" (റോമർ 12:1). അനേക പ്രാവശ്യം ഈ യാഗം നാം ചെയ്യുന്നതിൽ പരാജയപ്പെട്ടിട്ടില്ലേ? മറ്റുള്ളവരുടെ നേർ നടപ്പിനായി നാം അനേക നല്ല കാര്യങ്ങൾ പറഞ്ഞുകൊടുക്കാറുണ്ട് പക്ഷേ നമ്മുടെ സ്വകാര്യ ജീവിതത്തിൽ കൊണ്ടുവരുമ്പോൾ നമ്മുടെ ശരീരത്തെ ദൈവത്തിന് പ്രസാദമുള്ള യാഗമായി സമർപ്പിപ്പാൻ നാം പരാജയപ്പെടുന്നു. കർത്താവിന്റെ കല്പന അനുസരിക്കുവാൻ നാം കടപ്പെട്ടവരാണല്ലോ. കാരണം നാം അവന്റെ മണവാട്ടിയാണ്. അതുകൊണ്ട് ദൈവത്തിന്റെ കല്പന അനുസരിച്ചുകൊണ്ട് നമ്മുടെ ശരീരങ്ങളെ ദൈവത്തിന് പ്രസാദമുള്ള സജീവ യാഗമായി സമർപ്പിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ. അബ്രാഹാം തന്റെ മകനെ യാഗം അർപ്പിച്ചുകൊണ്ട് ദൈവത്തെ അനുസരിക്കുവാൻ തയ്യാറായതുപോലെ നമുക്ക് നമ്മുടെ ജീവിതങ്ങളെ ഒരു യാഗമായി ദൈവത്തിനു മുമ്പാകെ സമർപ്പിച്ച് ദൈവത്തിന്റെ വാക്ക് പൂർണ്ണമായി അനുസരിക്കാം. അങ്ങനെയെങ്കിൽ നമുക്കും അബ്രാഹാമിനോട് ചേർന്ന് പറയാം: യഹോവ യിരേ.

**2. അബ്രാഹാം ദൈവത്തെ പൂർണ്ണഹൃദയത്തോടെ ആരാധിച്ചു (വാ. 5,13)**

അബ്രാഹാം ദൈവത്തെ ആരാധിക്കുന്നതിന് എത്രത്തോളം പ്രാധാന്യം കൊടുത്തു എന്ന വസ്തുത അബ്രാഹാമിന്റെ ജീവിതം പഠിച്ചാൽ നമുക്ക് മനസ്സിലാക്കുവാനായിട്ട് സാധിക്കും. താൻ പാർക്കുന്ന കൂടാരത്തിനു മുമ്പിൽ യാഗപീഠം പണിത് ദൈവത്തെ ആരാധിക്കുന്ന ഒരു അബ്രാഹാമിനെ നമുക്ക് തിരുവെഴുത്തിൽ കാണുവാനായിട്ട് സാധിക്കും. പുതിയനിയമ വിശ്വാസികളായിരിക്കുന്ന നമ്മിൽ നിന്നും വലിയവനായ ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങളിൽ പ്രാധാന്യമേറിയ ഒന്നാണ് ആരാധന. എങ്ങനെ നാം ദൈവത്തെ ആരാധിക്കേണം? തിരുവെഴുത്ത് പറയുന്നു ആത്മാവിലും സത്യത്തിലും നാം അവനെ ആരാധിക്കേണമെന്ന്. അങ്ങനെയുള്ള ആരാധനയാണ് ദൈവം സ്വീകരിക്കുന്നതും നമ്മിൽ നിന്നു ആഗ്രഹിക്കു

# വാർത്തകൾ, കുറിപ്പുകൾ

### പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**വയനാട്:** വൈ.എം. ഇ.എഫ്. വയനാട് യൂണിറ്റിന്റെ ഒരു ഏകദിന പ്രവർത്തനം ജൂൺ 16 ന് താന്നിക്കൽ ബ്രദറൺ സഭയുടെ സഹകരണത്തിൽ കൊയ്‌ലേരിയിൽ നടന്നു. വയനാട്ടിലെ സ്ഥലം സഭകളിൽ നിന്നും സഹോദരന്മാർ കടന്നുവന്ന് പ്രവർത്തനങ്ങളിൽ സഹകരിച്ചു. ഭവന സന്ദർശനം, പരസ്യയോഗങ്ങൾ നടത്തി. അടുത്ത പ്രവർത്തനം വേലിയമ്പത്ത് നടത്തുവാൻ തീരുമാനിച്ചു. വയനാട്ടിൽ നടക്കുന്ന വൈ.എം.ഇ.എഫ്. പ്രവർത്തനങ്ങളെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കണമെ. എന്ന് സെക്രട്ടറി P.V. Saji, Puthuveettil, Kumbaleri P.O., Wayanad - 673591

**വെള്ളറട :** കഴിഞ്ഞ 5 വർഷമായി വെള്ളറടസഭയുടെ പ്രവർത്തനസ്ഥലമായിരുന്ന അമ്പൂരിയിൽ 25-5-08 ഞായറാഴ്ച ഒരു പുതിയ സഭാകൂടിവരവ് ഉണ്ടാകാൻ ഇടയായി. ഇപ്പോൾ സഹോ. ബേബി ജോർജ്ജ് അവിടെ താമസിച്ച് പ്രവർത്തിക്കുകയും വെള്ളറട സഭയിൽ നിന്ന് വേലക്ക് വേർതിരിഞ്ഞ സുവി. പി.വി. വർഗ്ഗീസ്, റ്റി.സജു, പി.ഡി. ജെയിംസ്, ജിമ്മി, ബിനു എന്നിവരും പേരൂർക്കടയിലെ സുവി. തോമസ് കുര്യനും ഈ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തുവരുന്നു. കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ കഴിഞ്ഞ വർഷം പഠിച്ചിരുന്നവർ സഹോ. ബിജുവിന്റെ നേതൃത്വത്തിൽ ചില

---

ന്നതും. ഇവിടെ അബ്രാഹാം ദൈവത്തെ ആരാധിക്കുവാനായി പോകുന്നു. തീർച്ചയായിട്ടും ഞാൻ വിശ്വസിക്കുന്നു അബ്രാഹാം തന്റെ ജീവിതത്തിൽ ദൈവാരാധനയ്ക്ക് വലിയ പ്രാധാന്യം കൊടുത്തതുകൊണ്ടാണ് അവനൊരു കാര്യം മനസ്സിലായത്. അത് തന്റെ നാവിലൂടെ പുറപ്പെട്ടുവന്നു, യഹോവയിരേ എന്ന്. അതുകൊണ്ട് നമുക്കും ശരിയായ രീതിയിൽ ദൈവത്തെ ആരാധിച്ച് യഹോവയിരേ എന്ന് അബ്രാഹാമിനോട് ചേർന്നു പറയാം.

**3. അബ്രാഹാം ദൈവത്തെ പൂർണ്ണഹൃദയത്തോടെ വിശ്വസിച്ചു (വാ. 8)**

തന്റെ ഏകജാതനായ മകനെ യാഗമർപ്പിക്കുവാൻ ദൈവം പറഞ്ഞപ്പോൾ ഒന്നും മറത്തുപറയാതെ പൂർണ്ണമായി ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് തന്റെ മകനെ ബലിയർപ്പിക്കുവാൻ വേണ്ടി താൻ അതിരാവിലെ പുറപ്പെട്ടു. ആ യാത്രയിൽ മകൻ അപ്പനോട് അപ്പനെ വേദനിപ്പിക്കുന്ന ഒരു ചോദ്യം ചോദിക്കുന്നു "അപ്പാ യാഗത്തിനുള്ള ആട്ടിൻ കുട്ടി എവിടെ?" (വാ. 7). അപ്പോൾ അബ്രാഹാം പൂർണ്ണമായി ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് മകനോട് പറയുന്നു, ദൈവം നോക്കിക്കൊള്ളും. വിശ്വസ്തനായ വിശ്വാസി, വിശ്വസ്തതയോടെ വിശ്വസ്ത മകന്, ദൈവത്തിൽ വിശ്വസിച്ച് നൽകുന്ന വിശ്വസ്ത മറുപടി, 'ദൈവം നോക്കിക്കൊള്ളും മകനെ.' അനേക പ്രാവശ്യം നാം വിശ്വസ്തരായിരിക്കുന്നതിൽ പരാജയപ്പെട്ടിട്ടില്ലേ? അതുകൊണ്ട് പ്രിയ വിശ്വാസികളേ, നമുക്ക് നമ്മെ തന്നെ ഒന്ന് ശോധന ചെയ്യാം. നാം എത്രത്തോളം ദൈവത്തിൽ വിശ്വസിക്കുന്നു എന്നും, നമ്മുടെ ആവശ്യങ്ങൾ ദൈവം നോക്കിക്കൊള്ളും എന്നും ആത്മാർത്ഥമായി വിശ്വസ്തതയോടെ പറയുവാൻ കഴിയുമോ? അങ്ങനെ പറയുവാൻ കഴിയുന്നില്ലെങ്കിൽ നമുക്ക് നമ്മെ തന്നെ ഒന്നു ശോധന ചെയ്യാം. എവിടെ അവിശ്വസ്തത പറ്റിയെന്നു മനസ്സിലാക്കി മടങ്ങി വന്ന് ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ചുകൊണ്ടും അവിശ്വാസിയാകാതെ വിശ്വാസിയായിക്കൊണ്ടും അബ്രാഹാമിനോട് ചേർന്ന് നമുക്കും ആത്മാർത്ഥമായി പറയാം യഹോവയിരേ, യഹോവ നമ്മെ കരുതുന്നു.

**4. അബ്രാഹാം ദൈവത്തെ പൂർണ്ണഹൃദയത്തോടെ ഭയപ്പെട്ടു (വാ. 12)**

അബ്രാഹാമിനെക്കുറിച്ച് ദൂതൻ പറയുന്ന അനുഗ്രഹിക്കപ്പെട്ട സാക്ഷ്യമാണ് 12-ാം വാക്യത്തിന്റെ പകുതിയിൽ നാം വായിക്കുന്നത്, "നീ ദൈവത്തെ ഭയപ്പെടുന്നു." ദൈവത്തെ പൂർണ്ണഹൃദയത്തോടെ ഭയപ്പെടുന്ന ഒരു വ്യക്തിക്ക് മാത്രമേ ദൈവത്തെ അനുസരിക്കാനും, ആരാധിക്കുവാനും, വിശ്വസിക്കുവാനും പറ്റുകയുള്ളൂ. അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ പ്രധാനമായി ഉണ്ടായിരിക്കേണ്ട ഒന്നാണ് ദൈവത്തോടുള്ള ഭയം. 21-ാം നൂറ്റാണ്ടിൽ ജീവിക്കുന്ന നാം ദൈവത്തെ ഭയപ്പെടാതെ തോന്നിയതുപോലെ ജീവിക്കുമെന്ന് ദൈവത്തിന് പണ്ടേ അറിയാമായിരുന്നു. അതുകൊണ്ടാണ് യിസ്രായേലിന്റെ മധുര ഗായകൻ ദാവീദ് പറയുന്നത്. "യഹോവയുടെ വിശുദ്ധന്മാരെ അവനെ ഭയപ്പെടുവിൻ" (സങ്കീ. 34:9a). അതുകൊണ്ട് അബ്രാഹാമിനെപ്പോലെ ദൈവത്തെ ഭയപ്പെട്ട് ഭക്തിയുള്ള ഒരു അനുഗ്രഹിക്കപ്പെട്ട ക്രിസ്തീയ ജീവിതം നയിക്കുവാൻ ദൈവാത്മാവ് നമ്മെ സഹായിക്കട്ടെ. അങ്ങനെയെങ്കിൽ നമുക്കും അബ്രാഹാമിനോട് ചേർന്നു പറയാം യഹോവയിരേ, യഹോവ നമ്മെ കരുതുന്നു.

അബ്രാഹാം ആ സ്ഥലത്തിന് യഹോവയിരേ എന്ന് പേരിടുവാൻ തന്നെ പ്രേരിപ്പിച്ച നാല് ഘടകങ്ങൾ നാം കണ്ടു കഴിഞ്ഞു. 1. അബ്രാഹാമിന്റെ അനുസരണം, 2. അബ്രാഹാമിന്റെ ആരാധന, 3. അബ്രാഹാമിന്റെ വിശ്വാസം, 4. അബ്രാഹാമിന്റെ ഭയം. പ്രിയ വിശ്വാസികളേ, ഈ കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുകയാണെങ്കിൽ തീർച്ചയായും നമുക്ക് പൂർണ്ണ ഉറപ്പോടെ പറയാം യഹോവ യിരേ!!!

ദിവസങ്ങൾ താമസിച്ച് പ്രവർത്തിക്കുവാൻ ഇടയായി. സഹോദരന്മാരുടെ ആത്മാർത്ഥമായിട്ടുള്ള പ്രവർത്തനത്തിനും പ്രാർത്ഥനയ്ക്കും നന്ദി അറിയിക്കുന്നു. സഭയ്ക്കുവേണ്ടി ബേബി ജോർജ്ജ്, പി.വി. വർഗ്ഗീസ്.

**വൈ.എം.ഇ.എഫ്. മലബാർ ഡിവിഷൻ** : 2008 മെയ് 20-22 വരെ കണ്ണൂർ സി.എസ്.ഐ. ഓഡിറ്റോറിയത്തിൽ ബൈബിൾക്യാമ്പ് നടത്തുവാൻ കർത്താവ് സഹായിച്ചു. സങ്കീ. 23:1-6 വരെ അടിസ്ഥാനമാക്കി പ്രൊഫ. കോശി മാത്യു മുംബൈ ക്ലാസ്സെടുക്കുകയുണ്ടായി. ക്രിസ്തീയ സ്വാതന്ത്ര്യമെന്ന വിഷയത്തെ ആസ്പദമാക്കി ബെന്നി ആന്റണി കിണർമുക്ക്, ഷാജി ശമുവേൽ അടിവാരം പ്രബന്ധാവതരണം നടത്തി. അനുഗ്രഹകരമായി ക്യാമ്പ് നടത്തുവാൻ കർത്താവ് സഹായിച്ചു. സഹകരിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു. തുടർന്നും ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ആവശ്യപ്പെടുന്നു. എന്ന് കെ.കെ. മാത്യു പെരിന്തൽമണ്ണ.

**വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ സുവിശേഷ ക്യാമ്പ്** : 2008 മെയ് 22-24 വരെ നെയ്യാറ്റിൻകര താലൂക്കിൽ കുളത്തൂർ പഞ്ചായത്തിൽ സൂര്യകോട് എന്ന സ്ഥലത്തു തിരുവനന്തപുരം സെന്ററിന്റെയും നെയ്യാറ്റിൻകരയും ചുറ്റുപാടുമുള്ള സഭകളുടെയും സഹകരണത്തിൽ വളരെ അനുഗ്രഹിക്കപ്പെട്ട നിലയിൽ ഭവന സന്ദർശനം, പരസ്യയോഗം, രാത്രിയോഗം എന്നിവ നടക്കുകയുണ്ടായി. രാത്രിയിൽ ജോർജ്ജ് ചാക്കോ, സണ്ണി തോമസ്, ജോൺ പണിക്കർ എന്നിവർ വചനം ശുശ്രൂഷിച്ചു. അനേകർ ദൈവവചനം കേൾക്കുകയും ചിലർ രക്ഷിക്കപ്പെടുകയും ചെയ്തു. സൂര്യകോടുള്ള സഹോ. ബിനു തന്റെ ഭവനം സഹോദരന്മാർക്ക് താമസിക്കുവാൻ ഒരുക്കി സഹായിച്ചു. എല്ലാ ചൊവ്വാഴ്ചയും സഹോദരന്മാരായ എം. ദേവദാസ് (ആലന്തൂർ), എൻ.എ. ഏബ്രഹാം (കോടങ്കര) എന്നിവർ ചേർന്ന് ഭവന സന്ദർശനവും ഞായറാഴ്ചകളിൽ ബിനുവിന്റെ ഭവനത്തിൽ വെച്ച് ബൈബിൾ ക്ലാസ്സും നടത്തുന്നുണ്ട്. വചനം യഥാർത്ഥമായി കേട്ടവരുടെയും കേൾക്കുന്നവരുടെയും ഹൃദയത്തിൽ ആത്മീയ പ്രകാശനം ലഭിക്കുവാനും അവരും കർത്താവിനെ സ്വന്ത രക്ഷിതാവായി അംഗീകരിച്ച് സൂര്യകോട് ഒരു സഭാകൂടിവരവ് ഉണ്ടാകുവാനും ദൈവമക്കൾ ആത്മാർത്ഥമായി പ്രാർത്ഥിക്കണമെ. ഈ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ കടന്നുവന്ന് സഹായിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാ ദൈവമക്കൾക്കും ഞങ്ങളുടെ നന്ദി അറിയിക്കുന്നു. എന്ന് പ്രസിഡന്റ് വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ.

**ഉത്തർപ്രദേശ് :** ഉത്തർപ്രദേശിലെ വേലക്കാർ ഒന്നുചേർന്ന് കഴിഞ്ഞ ചില വർഷങ്ങളായി പ്രവർത്തിച്ചത് നമ്മുടെ പ്രവർത്തനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിലായിരുന്നു. ഈ പ്രാവശ്യം യു.പി.യിലെ ജോൺപൂർ എന്ന സ്ഥലത്തു ഏപ്രിൽ 7-10 വരെ പ്രവർത്തനം നടത്തുവാനായിട്ടുള്ള എല്ലാ ക്രമീകരണങ്ങൾ ചെയ്യുകയും അതിനായി സഹോദരന്മാർ വാടകയ്ക്കെടുത്ത 2 വാഹനങ്ങളിൽ എത്തിച്ചേരുകയും ചെയ്തിരുന്നു. പ്രവർത്തനത്തിന്റെ രണ്ടാം ദിനം സുവിശേഷ വിരോധികൾ ശുശ്രൂഷയെ തടയുകയും ഒരു വാഹനത്തെയും അതിൽ ഉണ്ടായിരുന്ന 4 സഹോദരങ്ങളെയും (Kalikand Gautam, Kanpur, Amith Swroop Allahabad, David Thomas, Lucknow, Varghese Abraham Kanpur) മർദ്ദിക്കുകയും ചെയ്തു. വലിയ ആപത്തുകളിൽ നിന്നും കർത്താവ് വിടുവിച്ചു. എന്നാൽ രണ്ടാം വാഹനത്തിലുണ്ടായിരുന്ന പി.കെ. യോഹന്നാൻ സഹോദരന്മാരെ ഉപദ്രവിക്കുന്നതു കണ്ട് വാഹനത്തിൽ നിന്ന് ഇറങ്ങിയതിനാൽ താൻ ഒറ്റപ്പെട്ടുപോവുകയും വലിയൊരു കൂട്ടം തന്നെ വളയുകയും കഠിനമായി മർദ്ദിക്കുകയും ചെയ്തു. അതിനാൽ തന്റെ സ്പൈനലിന് പൊട്ടലും തലയ്ക്ക് അല്പമായ ആഘാതവും ഏറ്റിട്ടുണ്ട്. താൻ ചികിത്സയിലാണ്. ദൈവമക്കളുടെ ശ്രദ്ധയേറിയ പ്രാർത്ഥന ആവശ്യമായിരിക്കുന്നു. തുടർന്നുള്ള ദിവസങ്ങളിൽ നമ്മുടെ പ്രവർത്തനങ്ങൾ ഉള്ള സ്ഥലത്ത് കടന്നുപോയി അവിടെയുള്ള വേലയെ ബലപ്പെടുത്തുവാനും പരസ്യപ്രവർത്തനങ്ങൾ നടത്തുവാനും ആഗ്രഹിക്കുന്നു. കൂടാതെ കർത്താവ് അനുവദിച്ചാൽ ഒക്ടോ. 7-10 വരെ യു.പിയിലുള്ള Vimtal എന്ന സ്ഥലത്ത് വേലക്കാരുടെ ഒരു ഫാമിലി കോൺഫ്രൻസ് നടത്തുവാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതിലേക്കുള്ള പ്രത്യേക വചന ശുശ്രൂഷക്കായി 2 സഹോദരന്മാർ കടന്നു വന്ന് സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ആവശ്യങ്ങൾ നിറവേറ്റേണ്ടതിനായി ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും ആഗ്രഹിക്കുന്നു. ഈ പ്രത്യേക ശുശ്രൂഷയുടെ ആവശ്യത്തിനായി ഒരു അക്കൗണ്ട് The Federal Bank Ltd. Mall Kanpur ൽ തുറന്നിട്ടുണ്ട്. In Favour of Thomas Jacob &Varghese Abraham എല്ലാ കത്തിടപാടുകളും താഴെ കാണുന്ന അഡ്രസിൽ അയച്ചാലും. വർഗ്ഗീസ് ഏബ്രഹാം ബൈബിൾ ഭവൻ 599 A (1), Tiwaripur Bagicha, Jajmau, Kanpur-208 010(U.P.) എന്ന് ഉത്തർപ്രദേശിലെ വേലക്കാർക്കുവേണ്ടി റ്റി.എസ്. ജെയിംസ്, വർഗ്ഗീസ് ഏബ്രഹാം.

**രായ്ച്ചൂർ :** കഴിഞ്ഞ 14 വർഷം ഞാൻ കൊടകിൽ (കർണ്ണാടക) കുടുംബമായി കർത്തൃവേലയിലായിരുന്നു. കൃപയാൽ 2 സ്ഥലംസഭ ഉണ്ടാകുവാനും ആ സ്ഥലംസഭയെ അവിടെയുള്ള മുതിർന്ന സഹോദരന്മാരെ ഏല്പിച്ചിട്ട് ദൈവഹിതപ്രകാരം ആന്ധ്രയുടെയും മഹാരാഷ്ട്രയുടെയും ബോർഡറിലുള്ള രായ്ച്ചൂരിൽ കഴിഞ്ഞ ഒരു വർഷമായി കുടുംബമായി താമസിച്ച് സുവിശേഷ വയലിൽ അദ്ധ്വാനിക്കുന്നു. അതിന്റെ ഫലമായി ഇവിടെ 4 സ്ഥലങ്ങളിൽ പുതിയ കൂടിവരവുകൾ ഉണ്ടാകുവാൻ ഇടയായി. ഇവിടെ നവോദയാ മെഡിക്കൽകോളേജിൽ നേഴ്സിംഗ് പഠിക്കുവാൻ വരുന്നവർക്കായി മെഡിക്കൽകോളേജിൽ തന്നെ മലയാളത്തിൽ ആരാധനാ കൂടിവരവ് ആരംഭിക്കുവാൻ ദൈവം സഹായിച്ചു. ജൂൺ 2,3,4 ന് ഇവിടെയുള്ള പുതിയ വിശ്വാസികളെ വചനസത്യങ്ങൾ പഠിപ്പിക്കുകയും ജൂൺ 4 ന് നടന്ന സ്നാനശുശ്രൂഷയ്ക്കുശേഷം കർത്തൃമേശയോടുകൂടെ ആരാധന തുടങ്ങുവാനും ദൈവം സഹായിച്ചു. സഹോ. എം.വി. ബാബു വചന ശുശ്രൂഷയും സ്നാനശുശ്രൂഷയും ചെയ്തു. അനേക വിശ്വാസികൾ കർണ്ണാടകയിൽ നിന്നും ആന്ധ്രയിൽ നിന്നും ഉണ്ടായിരുന്നു. ഇനിയും പല കൂടിവരവുകൾക്ക് സാദ്ധ്യതയുള്ള ഈ രായ്ച്ചൂർ ജില്ലയ്ക്കുവേണ്ടിയും ഈ പുതിയ സ്ഥലംസഭാകൂടിവരവുകൾക്കുവേണ്ടിയും എല്ലാ ദൈവജനങ്ങളുടേയും പ്രാർത്ഥന ചോദിച്ചുകൊള്ളുന്നു. പുതിയ അഡ്രസ്സ് P.J. Mathew (Evg.),

House No. 7-6-84 53/A, Vasavinagar, Raichur - 584101, Mob: 09901232435.

**മലപ്പുറം :** വൈ.എം.ഇ.എഫ്. മലപ്പുറം യൂണിറ്റിന്റെ ചുമതലയിൽ പോത്തുകല്ലിൽ ആരംഭിച്ചിരിക്കുന്ന പ്രവർത്തനം തുടർന്നുവരുന്നു. ഏകദിനപ്രവർത്തനത്തിന്റെ ഭാഗമായി മെയ് 28 ന് ചോക്കാട് സഭാപരിധിയിൽ ഭവനസന്ദർശനങ്ങളും പൂക്കോട്ടും പാടത്ത് പരസ്യയോഗവും നടത്തപ്പെട്ടു. അടുത്ത ഏകദിനപ്രവർത്തനം ജൂൺ 20 ന് കൈപ്പിനിയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥന അപേക്ഷിക്കുന്നു. എന്ന് വൈ.എം.ഇ.എഫ്. മലപ്പുറം യൂണിറ്റിനു വേണ്ടി സെക്രട്ടറി പി.എ. സേവ്യർ.

**സാമക്കാലി (ഗുജറാത്ത്):** 3 വർഷത്തെ പ്രവർത്തനഫലമായി 8-6-08 ഞായർ രാവിലെ 4 പേർ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. സുവി. വി.പി. മാത്യു, സ്നാനശുശ്രൂഷ നിർവ്വഹിച്ചു. തുടർന്നു നടന്ന കർത്തൃമേശയിൽ 13 പേർ പങ്കെടുത്തു. പ്രാർത്ഥിച്ചവർക്കും പ്രോത്സാഹിപ്പിച്ചവർക്കും നന്ദി. തുടർച്ചയായി 11 പേർ ഇവിടെ കർത്തൃമേശയിൽ സംബന്ധിപ്പാനുണ്ട്. തുടർന്നും ഇവിടെയുള്ള പ്രവർത്തനത്തെ ഓർത്തു പ്രാർത്ഥിക്കേണമെ. എന്ന് V.P. Mathew Evg., Po Box 4, Samakaili 370150, Kutch, Gujarat

## രോഗി

**കുറിയന്നൂർ** : പുല്ലാട് ആന്താരിമൺ ബ്രദറൺ സഭാംഗവും മല്ലപ്പള്ളി മടുക്കോലി സഭാശുശ്രൂഷകനുമായ സഹോ. ജോൺ ജോസഫ് തിരുവല്ലാ മെഡിക്കൽ മിഷൻ ആശുപത്രിയിലെ ചികിത്സയ്ക്കുശേഷം ഭവനത്തിൽ ആയിരിക്കുന്നു. ശ്വാസതടസ്സംമൂലം ഭാരപ്പെടുന്ന സഹോദരന്റെ പൂർണ്ണ വിടുതലിനും ആശ്വാസത്തിനുമായി ദൈവമക്കളുടെ പ്രാർത്ഥന ആവശ്യപ്പെടുന്നു. എന്ന് ജോൺ ജോസഫ്.

## മഹത്വത്തിൽ

**തഞ്ചാവൂർ :** സുവി. എം. ജോൺദാസ് (62)വേതാർണ്യത്ത് നടന്നുകൊണ്ടിരുന്ന കൺവൻഷനിൽ വെച്ച് 7-6-08 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 11-6-08 ന് ചാണ്ടപ്പിള്ള ഫിലിപ്പ, ചാൾസ് ജോൺ, അനിയൻ വർഗ്ഗീസ് എന്നിവരുടെ ശുശ്രൂഷകൾക്കു ശേഷം ഉന്നത്താനീ സഭയുടെ സഹകരണത്തിലും അനേകം ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ വെച്ച് വെണ്ണിക്കുളം സെമിത്തേരിയിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ മൃതദേഹം സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന ഭാര്യ ഫേബയുടെയും മക്കൾ ജെയ്സി, ജെനു, സുവി. ചെറിയാൻ ജോൺസൻ, എന്നിവരുടെയും കുടുംബാംഗങ്ങളുടെയും ആശ്വാസത്തിനായി പ്രാർത്ഥിച്ചാലും.

എം. ജോൺദാസ് 1946 ഡിസം. 18 ന് വെണ്ണിക്കുളം മടുക്കപുഴ സുവി. എം.സി. ജോണിന്റെയും മറിയാമ്മയുടെയും മൂത്തമകനായി ജനിച്ചു. 9-ാമത്തെ വയസ്സിൽ രക്ഷിക്കപ്പെട്ട് 12-ാം വയസ്സിൽ സ്നാനപ്പെട്ട് സഭാകൂട്ടായ്മയിൽ ആകുകയും ചെയ്തു. 1968 ൽ കോട്ടയം ബൈബിൾ സ്കൂളിൽ പഠിക്കുകയും 4 വർഷം ചെങ്കോട്ടയിൽ പ്രവർത്തിപ്പാനും 1973 ൽ മധുര ബൈബിൾ സ്കൂളിൽ പഠിക്കുവാനും ഇടയായി. ഇവിടെ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് തഞ്ചാവൂരിനെക്കുറിച്ച് അറിയുവാൻ ഇടയായത്. അങ്ങനെ 1973 ആഗസ്റ്റ് 11 ന് തഞ്ചാവൂരിൽ ദൈവവേലക്കായി വന്നു. അന്നുമുതൽ 35 വർഷം തഞ്ചാവൂരിലും 4 വർഷം ചെങ്കോട്ടയിലുമായി 39 വർഷം തമിഴ്നാടിന്റെ വിവിധ പ്രദേശങ്ങളിൽ കർത്തൃവേല ചെയ്യുവാനും തഞ്ചാവൂരിലും പരിസരപ്രദേശങ്ങളിലുമായി 5 സ്ഥലംസഭകൾ രൂപീകരിക്കുവാനും ദൈവം ഇടയാക്കി. 7 വർഷം തഞ്ചാവൂരിൽ ബൈബിൾ സ്കൂൾ നടത്തുവാൻ ദൈവം സഹായിച്ചു. തന്റെ ശുശ്രൂഷ തികച്ച് പ്രതിഫലം പ്രാപിപ്പാനായി കർത്തൃസന്നിധിയിൽ പ്രവേശിച്ചിരിക്കുന്നു. സ്തോത്രം. എന്ന് സുവി. ചെറിയാൻ ജോൺസൺ.

**കൊടുങ്ങല്ലൂർ :** എബനേസർ ബ്രദറൺ സഭാംഗമായ പുലിക്കോട്ടിൽ പരേതനായ പി.എം. വറതപ്പന്റെ ഭാര്യ മറിയാമ്മ (83) താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. പ്രിയ മാതാവിന്റെ ഭൗതിക ശരീരം 5-6-08 ൽ കൊടുങ്ങല്ലൂർ എബനേസർ ബ്രദറൺ സഭയുടെ ചുമതലയിൽ ഇരിങ്ങാലക്കുട ബ്രദറൺ സഭാ സെമിത്തേരിയിൽ അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ സംസ്കരിച്ചു. അങ്കമാലി നായത്തോട് കാക്കശ്ശേരി കുടുംബാംഗമാണ്. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കേണമേ. എന്ന് സഭയ്ക്കു വേണ്ടി ഡോ. ഇ.എഫ്. ജോളി.

**ഇൻഡോർ :** സുവി. വി.എൻ. കുര്യന്റെ ഭാര്യ റെയ്ച്ചൽ കുര്യൻ (78) 9-5-08 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 12-5-08 ന് ഉയിർപ്പിൻ പ്രഭാതത്തിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ മൃതദേഹം സംസ്കരിച്ചു. ചില മാസങ്ങൾ താൻ കിടക്കയിലായിരുന്നു. ആ നാളുകളിൽ മക്കൾക്കും ബന്ധപ്പെട്ടവർക്കും വന്നു കാണുന്നതിനും ശുശ്രൂഷിക്കുന്നതിനും അവസരങ്ങൾ ലഭിച്ചിരുന്നു. സുവി. വി.എൻ കുര്യനോടൊത്തു കഴിഞ്ഞ 58 വർഷത്തെ കുടുംബജീവിതത്തിൽ മാറയുടെ അനുഭവത്തിലും തനിക്കു താങ്ങും തണലുമായി കൈത്താങ്ങൽ കൊടുത്തു സഹായിച്ചിട്ടുള്ള തന്റെ ഭാര്യയുടെ വേദനകളും പ്രയാസങ്ങളും നീങ്ങി വിട്ടു പിരിഞ്ഞു. ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്നു. തനിക്ക് 4 ആൺമക്കളും 3 പെൺമക്കളും 15 കൊച്ചുമക്കളും ഉണ്ട്. എല്ലാവരും കുടുംബമായി സുവിശേഷത്തിന് പങ്കാളികളാണ്. ദുഃഖത്തിലിരിക്കുന്ന പ്രിയപ്പെട്ടവരേയും വാർദ്ധക്യത്തിലും ബലഹീനതയിലും കഴിയുന്ന കർത്തൃദാസനെയും ഓർത്ത് പ്രാർത്ഥിച്ചാലും എന്ന് ഇൻഡോർ സഭയ്ക്കു വേണ്ടി സുവി. കെ.ജെ. കോശി.

## അഭ്യർത്ഥന

**അമ്പലപ്പുറം (കൊട്ടാരക്കര) :** 30 വർഷങ്ങൾക്കു മുമ്പ് എസ്.എ.ഐ.യുടെ പേരിൽ 10 സെന്റ് സ്ഥലം വാങ്ങി ഒരു ഹാൾ നിർമ്മിക്കുകയും 1977 സെപ്റ്റം. മുതൽ അവിടെ ആരാധനയും മറ്റ് ആത്മീയപ്രവർത്തനങ്ങളും ആരംഭിക്കുകയും ചെയ്യുവാൻ കർത്താവ് സഹായിച്ചു. ഇപ്പോൾ 22 കുടുംബങ്ങളിൽ നിന്നായി 75 പേരോളം കൂടി വരുന്നു. ഇപ്പോൾ ഉള്ള ഹാൾ ബലഹീനവും വേണ്ടത്രസ്ഥലസൗകര്യം ഇല്ലാത്തതും ആകയാൽ പുതിയ ഒരു ഹാൾ (45X20) പണിയുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. ഇതിന്റെ പണിക്കായി

10 ലക്ഷത്തോളം രൂപ ആവശ്യമാണ്. 4 ലക്ഷം രൂപ ഞങ്ങൾ ശേഖരിച്ചിട്ടുണ്ട്. ബാക്കിതുക ഉണ്ടാകേണ്ടിയിരിക്കുന്നു. ഞങ്ങളുടെ ഈ നല്ല സംരംഭം വിജയിപ്പിക്കുവാൻ സഹോദരീസഹോദരന്മാർ പ്രാർത്ഥിക്കുകയും സാമ്പത്തികസഹായം ചെയ്യണമെന്ന് കർത്തൃനാമത്തിലപേക്ഷിക്കുന്നു. ഇതിന്റെ ആവശ്യത്തിനായി South Indian Bank, Kottarakara Branch ൽ ഒരു ജോയിന്റ് അക്കൗണ്ട് (A/c No. 11780). തുടങ്ങിയിരിക്കുന്നു. കൂട്ടായ്മ അയയ്ക്കേണ്ട വിലാസം K.Y. Chacko, Poovanpoikayil, E.T.C.P.O., Ambalappuram, Kottarakara. എന്ന് സഭയ്ക്കുവേണ്ടി, കെ.വൈ. ചാക്കോ, എ. ജോർജ്ജ്, ജി. തോമസ്. പ്രസ്തുത അഭ്യർത്ഥനയിൽ വിവരിച്ചിട്ടുള്ള സംഗതികൾ എല്ലാം വസ്തുനിഷ്ഠമാണെന്നും ഞങ്ങളുടെ അറിവിലും പ്രാർത്ഥനയിലും ഉള്ളതാണെന്നും അറിയിച്ചുകൊള്ളുന്നു. എന്ന് പി.വി, വർഗ്ഗീസ്, എ.ഒ. തോമസ്.

**പറുതലമറ്റം:** സഹോ. കെ.എം. സ്കറിയ കത്തോലിക്കാ പശ്ചാത്തലത്തിൽ നിന്നും കഴിഞ്ഞ 4 വർഷമായി പറുതലമറ്റം ബ്രദറൺ സഭയോടു ചേർന്ന് കുടുംബമായി കർത്താവിനെ ആരാധിക്കുകയും നല്ല സാക്ഷ്യം പുലർത്തുകയും ചെയ്തുവരുന്നു. മെയ് 13-ന് ഓട്ടോറിക്ഷാ അപകടത്തിൽ തന്റെ കാലിന് ഗുരുതരമായി പരുക്കേറ്റു. കോട്ടയം മെഡിക്കൽ കോളേജിൽ അടിയന്തിര ശസ്ത്രക്രിയ നടത്തി കാലിൽ സ്റ്റീൽറോഡ് ഇടുകയും ചെയ്തു. ഭവനത്തിലേക്ക് ഒരാഴ്ചയ്ക്കകം മടങ്ങിയെങ്കിലും മുറിവിൽ അണുബാധയുണ്ടായതിനെത്തുടർന്ന് ജൂൺ 3 ന് മറ്റൊരു ശസ്ത്രകിയ നടത്തേണ്ടിവന്നു. അതേ തുടർന്ന് താൻ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഇപ്പോൾ പ്രതിദിനം 400 രൂപ മരുന്നിന് മാത്രമായി ചിലവാകുന്നു. ഇതിനോടകം 40000 രൂപയോളം ശസ്ത്രക്രിയയ്ക്കും മറ്റുമായി ചിലവായി. സഹോദരന്റെ ഭാര്യ സൂസമ്മ അത്യപൂർവ്വമായ FLE, സന്ധിവാത, ശ്വാസകോശ രോഗങ്ങൾക്കും ത്വക്ക് രോഗത്തിനും വിധേയയായി കൈകാലുകൾ മുഴുവൻ വൃണങ്ങൾ ബാധിച്ച് കിടപ്പിലാണ്. ഏക മകൻ ജറിൻ കർണ്ണാടകയിൽ നേഴ്സിംഗ് വിദ്യാർത്ഥിയാണ്. റബർ ടാപ്പിംഗ് തൊഴിലാളിയായിരുന്ന തനിക്ക് മറ്റ് യാതൊരു വരുമാന മാർഗ്ഗവുമില്ല. അടുത്ത 6 മാസത്തോളം കിടക്കയിൽ തന്നെ കഴിയേണ്ട സാഹചര്യമാണ് സഹോദരനുള്ളത്. സഹോദരിയുടെ ചികിത്സയും മകന്റെ പഠനത്തിനുമായി പ്രതിമാസം ഭാരിച്ച തുക ആവശ്യമാണ്. ഈ കുടുംബത്തിനുവേണ്ടി സഭയായി, നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും ദൈവനാമത്തിൽ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സാമ്പത്തിക സഹകരണങ്ങൾ Pramod Thomas, Mattathil, Velloor P.O., Pampady, Kottayam-686501, (Ph:0481-2500038 എന്ന വിലാസത്തിൽ അയയ്ക്കുക, എന്ന് സഭയ്ക്കുവേണ്ടി എം.എ. ഇട്ടിയവിര, എം.എസ്. തോമസ്.

**നാലുമുക്ക് :** ഏകദേശം 11 വർഷം മുമ്പ് ആരംഭിച്ച പ്രവർത്തനമാണ് നാലുമുക്കിലെ സഭ. കർത്താവിന്റെ കൃപയാൽ കത്തോലിക്കാ കുടുംബത്തിൽ നിന്നും വിളിച്ചു വേർതിരിക്കപ്പെട്ട സഹോദരനാണ് ആന്റണി ഫിലിപ്പ്. സമുദായത്തിൽ നിന്നും സ്വന്ത കുടുംബത്തിൽ നിന്നും നിരവധി എതിർപ്പുകൾ തനിക്കു നേരിടേണ്ടി വന്നു

RN.No. 36067/ 81
Postal Reg. No. KL/TLA/44/2006-08 dt. 09-09- 05

ആത്മപ്രകാശിനി

If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George
at Excel Offset Printers, Omallor

എങ്കിലും വിശ്വാസത്തിൽ നിലനിൽക്കുകയും സ്വന്തം നാട്ടിൽ പുതിയനിയമ മാതൃകയിലുള്ള ഒരു സഭയും പ്രവർത്തനവും ഉണ്ടാകണമെന്നുള്ള ആഗ്രഹത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായ് ഒരു പ്രവർത്തനം നാലുമുക്കിൽ ആരംഭിക്കുവാൻ കർത്താവിടയാക്കി. പരിസരപ്രദേശമായ കാമാക്ഷി, തങ്കമണി എന്നീ പ്രദേശങ്ങളിൽ നടത്തിയ പ്രവർത്തനഫലമായി അവിടെ നിന്നും ചില പ്രിയപ്പെട്ടവർ മുമ്പോട്ടു വന്നു. ഇപ്പോൾ ആകെ 22 പേരോളം കൂടി വരികയും അതിൽ 14 പേർ കർത്തൃമേശയിൽ പങ്കെടുത്തു വരികയും ചെയ്യുന്നു. ഒരു സഭാഹാളിന്റെ ആവശ്യം പരിഗണിച്ച് തങ്കമണിക്ക് സമീപം പട്ടയമുള്ളള 10 സെന്റ് സ്ഥലം സഭക്കായി കരാറെഴുതുവാനിടയായി. 1,25,000 രൂപാ അഡ്വാൻസായി കൊടുക്കുകയും ചെയ്തു. ഈ വസ്തു സ്റ്റീവാർഡ്സ് അസ്സോസിയേഷന്റെ പേരിൽ എഴുതുവാനാണ് തീരുമാനം. സ്ഥലത്തിനും ഹോളിനുംകൂടി ഏകദേശം 7 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്നു. ഈ ആവശ്യത്തിലേക്കു റെജി ചാക്കോ, ആന്റണി ഫിലിപ്പ് എന്നിവരുടെ പേരിൽ തങ്കമണി യൂണിയൻ ബാങ്കിൽ 2018126 എന്ന നമ്പരിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങീട്ടുണ്ട്. കൂടിവരുന്ന വിശ്വാസികൾ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കൃഷിക്കാരാണ്. ഇവിടെ ഹോളിന്റെ അപര്യാപ്തതമൂലം പലരും മുമ്പോട്ട് വരുവാൻ തടസ്സമായിരിക്കുകയാണ്. ഈ കാര്യത്തിൽ ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചുകൊള്ളുന്നു. വിദേശ കറൻസിയിൽ ചെക്കോ, ഡ്രാഫ്റ്റോ അയയ്ക്കുന്നവർ, Stewards Association in India എന്ന പേരിൽ തങ്കമണി ബ്രദറൺ സഭയ്ക്കുവേണ്ടി എന്ന് വ്യക്തമായി എഴുതി താഴെ തന്നിരിക്കുന്ന അഡ്രസ്സിൽ അയയ്ക്കുവാൻ ശ്രദ്ധിക്കേണമേ. വിലാസം. ബ്രദറൺ അസ്സംബ്ലി, തങ്കമണി ആന്റണി ഫിലിപ്പ്, അഴകത്ത് വീട്, നെല്ലിപ്പാറ പി.ഒ, നാലുമുക്ക്, ഇടുക്കി 685515. സഭയ്ക്കുവേണ്ടി റെജി ചാക്കോ, ജോണി ജേക്കബ്ബ്, ആന്റണി ഫിലിപ്പ്. മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. 1. സ്റ്റീവാർഡ്സ് അസ്സോസിയേഷൻ സെക്രട്ടറി പി.വി.വർഗ്ഗീസ്. 2. എം.കെ.സണ്ണി (സുവി.) 3. ഡോ. ഓ.എം. സാമുവൽ, 4. ഡോ. കെ.സി.ജോൺസൻ.